www.societytodaynews.com

2024 NOVEMBER
29
FRIDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ബുള്ളറ്റ് ട്രെയിൻ പദ്ധതി ആരംഭിച്ചു; വേഗം മണിക്കൂറിൽ 280 കിലോമീറ്റർ

**ചെന്നൈ:** വന്ദേ ഭാരത് ട്രെയിനുകൾക്കു പിന്നാലെ ഭാരതത്തിന്റെ സ്വന്തം ബുള്ളറ്റ് ട്രെയിനുകൾ ഉടനെത്തും. മെയ്ക്ക് ഇൻ ഇന്ത്യ പ്രകാരം പുതിയ പദ്ധതിക്കു തുടക്കമിട്ടതായി റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് പാർലമെന്റിൽ അറിയിച്ചു. മണിക്കൂറിൽ 280 കിലോമീറ്റർ സഞ്ചരിക്കാനാകുന്ന ബുള്ളറ്റ് ട്രെയിനുകളാണ് നിർമിക്കുന്നത്.



ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ് അതിവേഗ ട്രെയിൻ സെറ്റുകൾ രൂപകൽപന ചെയ്യുക. ബിഇഎംഎല്ലുമായി സഹകരിച്ചാണ് നിർമാണം. 28 കോടി രൂപയാണ് പദ്ധതിച്ചെലവ്. അതിവേഗ ട്രെയിൻ സെറ്റുകളുണ്ടാക്കുന്നതിന് അത്യാധുനിക സാങ്കേതിക വൈദഗ്ധ്യം ആവശ്യമാണ്.

ചെയർകാർ ട്രെയിൻ സെറ്റുകളിൽ എയ്റോഡൈനാമിക് എക്സ്റ്റീരിയറുകൾ, സീൽ ചെയ്ത ഗാങ്വേകൾ, ഓട്ടോമാറ്റിക് ഡോറുകൾ, സിസിടിവി നിരീക്ഷണം, മൊബൈൽ ചാർജിങ് പോയിന്റുകൾ, ലൈറ്റിങ്, അഗ്നിരക്ഷാ സംവിധാനങ്ങൾ തുടങ്ങി അത്യാധുനിക സൗകര്യങ്ങളെല്ലാമുണ്ട്. ട്രെയിൻ രൂപകൽപന പൂർത്തിയായ ശേഷമേ പരീക്ഷണമുൾപ്പെടെ കാര്യങ്ങൾ തീരുമാനിക്കൂ.

മുംബൈഅഹമ്മദാബാദ് ഹൈസ്പീഡ് റെയിൽ (എംഎഎച്ച്എസ്ആർ) പദ്ധതിയുടെ ഭാഗമായുള്ള പാലത്തിന്റെ 331 കിലോമീറ്റർ പൂർത്തിയായി, 336 കിലോമീറ്റർ അടിത്തറ പാകി, 225 കിലോമീറ്ററിൽ തൂണുകൾ സ്ഥാപിച്ചു, 21 കിലോമീറ്റർ സമുദ്രാന്തർഭാഗത്തെ ടണൽ നിർമാണം ആരംഭിച്ചു. 508 കിലോമീറ്റർ എംഎഎച്ച്എസ്ആർ പദ്ധതിയിൽ 12 സ്റ്റേഷനുണ്ട്. പദ്ധതി നിർമാണത്തിന് 1389.5 ഹെക്ടർ സ്ഥലം ഏറ്റെടുത്തു.

# കെ4 മിസൈൽ പരീക്ഷണം വിജയം; 3500 കിലോമീറ്റർ ദൂരം

**മുംബൈ::** ഭാരതത്തിന്റെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി ഐഎൻഎസ് അരിഘാതിൽ നിന്ന് ആണവ ശേഷിയുള്ള ബാലിസ്റ്റിക് മിസൈൽ പരീക്ഷണം വിജയം. അരിഘാതിൽ നിന്നുള്ള ആദ്യ ബാലിസ്റ്റിക് മിസൈൽ പരീക്ഷണമായിരുന്നു ഇത്.3500 കിലോമീറ്റർ ദൂര പരിധിയുള്ള കെ4 ബാലിസ്റ്റിക് മിസൈലാണ് ബംഗാൾ ഉൾക്കടലിൽ പരീക്ഷിച്ചത്. ഇതോടെ ഐഎൻഎസ് അരിഘാതും കെ4 മിസൈലും പ്രതിരോധ സേനയുടെ കരുത്തായി. ആഗസ്തിലാണ് ഐഎൻഎസ് അരിഘാത് നാവികസേനയുടെ ഭാഗമായത്. ഐഎൻഎസ് അരിഹന്താണ് സൈന്യത്തിന്റെ ആദ്യ അന്തർവാഹിനി. 2018ൽ ഇത് സൈന്യഭാഗമായി. മൂന്നാമത്തെ അന്തർവാഹിനി അടുത്ത വർഷം കമ്മിഷൻ ചെയ്യും.ഇത്തരം അന്തർവാഹിനികളിൽ നിന്നു തൊടുത്തുവിടാനാകുന്ന രീതിയിൽ പ്രത്യേകം രൂപകൽപ്പന ചെയ്തവയാണ് കെ4 ബാലിസ്റ്റിക് മിസൈൽ. ഡിഫൻസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷൻ രൂപ കൽപ്പന ചെയ്ത കെ4 മിസൈലിനെ സമ്പൂർണ സജ്ജമാക്കാൻ നിരവധി പരീക്ഷണങ്ങൾ നടത്തിയിരുന്നു.

# ഇന്ത്യയിൽ സൈബർ തട്ടിപ്പ് പെരുകുന്നു; നഷ്ടം 11,333 കോടി

**മുംബൈ:** ഇന്ത്യയിൽ സൈബർ തട്ടിപ്പുകളുടെ എണ്ണം പെരുകുന്നതായി കണക്കുകൾ. 2024ലെ ആദ്യ ഒമ്പതു മാസത്തിനിടെ രാജ്യത്ത് സൈബർ തട്ടിപ്പിലൂടെ നഷ്ടപ്പെട്ടത് ഏകദേശം 11,333 കോടി രൂപയാണ്. ആഭ്യന്തര മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻറർ (ഐ4സി) സമാഹരിച്ച കണക്കുകളാണ് പുറത്തുവന്നത്.

ഓഹരി വ്യാപാര തട്ടിപ്പിലൂടെയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ പണം നഷ്ടമായത്. 4,636 കോടി രൂപയാണ് നഷ്ടപ്പെട്ടത്. ഇതു സംബന്ധിച്ച് 2,28,094 പരാതികൾ ലഭിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് 3,216 കോടി രൂപയും, ഡിജിറ്റൽ അറസ്റ്റുകളിലൂടെ 1,616 കോടി രൂപയും നഷ്ടപ്പെട്ടിട്ടുണ്ട്. സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ട് 12 ലക്ഷം പരാതികൾ ഈ വർഷം ഉണ്ടായതായി സിറ്റിസൺ ഫിനാൻഷ്യൽ സൈബർ ഫ്രോഡ് റിപ്പോർട്ടിങ് ആൻറ് മാനേജ്മെൻറ് സിസ്റ്റം സൂചിപ്പിക്കുന്നു.


ഇതിൽ 45 ശതമാനം പരാതികളും കംബോഡിയ, മ്യാൻമർ, ലാവോസ് തുടങ്ങിയ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളതാണ്. 2021 മുതൽ, 30.05 ലക്ഷം പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 27,914 കോടി രൂപ ഈ കാലയളവിൽ നഷ്ടപ്പെട്ടു. 11,31,221 പരാതികൾ 2023ലും, 5,14,741 പരാതികൾ 2022ലും, 1,35,242 പരാതികൾ 2021ലും രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. സൈബർ തട്ടിപ്പുകളിലൂടെ മോഷ്ടിച്ച പണം ചെക്കുകൾ, സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി, ഫിൻടെക് ക്രിപ്റ്റോ, എടിഎമ്മുകൾ, മർച്ചൻറ് പേയ്മെൻറുകൾ, ഇവാലറ്റുകൾ എന്നിവ ഉപയോഗിച്ച് പിൻവലിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഈ പ്രവർത്തനങ്ങളെ തടയുന്നതിനായി ഏകദേശം 4.5 ലക്ഷം ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ടന്നും ഐ4സി അറിയിച്ചു. തെക്കുകിഴക്കൻ ഏഷ്യയിൽ പ്രവർത്തിക്കുന്ന സൈബർ കുറ്റവാളികളുമായി ബന്ധപ്പെട്ടിട്ടുള്ള 17,000 വാട്സ്ആപ്പ് അക്കൗണ്ടുകളും അധികൃതർ ബ്ലോക്ക് ചെയ്തിട്ടുണ്ട്.

യുപിഐ ഉപയോഗിച്ചുള്ള തട്ടിപ്പുകളും വ്യാപകമാണ്. ഏപ്രിൽസെപ്റ്റംബർ കാലയളവിൽ രാജ്യത്തെ യുപിഐ ഇടപാടുകളിൽ 34.5 ശതമാനം വർധനയുണ്ടായി. 122 ലക്ഷം കോടി രൂപയുടെ ഇടപാടുകളാണ് യുപിഐ വഴി നടന്നത്. മുൻവർഷം ഇതേ കാലയളവിൽ 90.7 ലക്ഷം കോടി രൂപയുടെ ഇടപാടുകളായിരുന്നു നടന്നത്. 6.32 ലക്ഷം യുപിഐ തട്ടിപ്പുകളും ഇക്കാലയളവിൽ നടന്നെന്നും 485 കോടി രൂപ നഷ്ടമായെന്നും ധനമന്ത്രാലയം ലോക്സഭയിൽ അവതരിപ്പിച്ച കണക്കുകളിൽ പറയുന്നു. സൈബർ തട്ടിപ്പ് കെണിയിൽ സാമൂഹിക, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ ഉന്നതർ മുതൽ സാധാരണക്കാരുടെ വരെ പണമാണ് നഷ്ട്ടമായിട്ടുള്ളത്.

# ലോക സർവമത സമ്മേളനം ഇന്നു മുതൽ വത്തിക്കാനിൽ; ലോക മതപാർലമെന്റിനും തുടക്കം

**വത്തിക്കാൻ സിറ്റി:** ശ്രീനാരായണഗുരു ആലുവയിൽ 100 വർഷം മുൻപു സംഘടിപ്പിച്ച സർവമത സമ്മേളനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചു ശിവഗിരി മഠം വത്തിക്കാനിൽ സംഘടിപ്പിക്കുന്ന 3 ദിവസത്തെ ലോക സർവമതസമ്മേളനത്തിനും ലോക മതപാർലമെന്റിനും ഇന്നു വൈകിട്ട് 7ന് സ്നേഹ സംഗമത്തോടെ തുടക്കമാകും. മതങ്ങളുടെ ഏകതയും സൗഹാർദവും സമത്വവും പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം.



നാളെ ഫ്രാൻസിസ് മാർപാപ്പ ആശീർവാദ പ്രഭാഷണം നിർവഹിക്കും. ചടങ്ങിൽ വത്തിക്കാനിലെ വിവിധ മതപ്രതിനിധികൾ സംബന്ധിക്കും. ഒന്നിന് ചേരുന്ന ലോക മതപാർലമെന്റിൽ ഇറ്റലിയിലെ ജനപ്രതിനിധികൾ പങ്കെടുക്കും. 15 രാജ്യങ്ങളിൽനിന്നു വിവിധ മതങ്ങളെ പ്രതിനിധീകരിക്കുന്നവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ശിവഗിരി മഠം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ചുമതലകൾ നിർവഹിക്കുന്നത്



# ഡൗൺസിൻഡ്രോം,ഓട്ടിസം കുട്ടികൾക്ക് 'കവചം' ഒരുക്കി ഡേ ഡ്രീംസ്; രജിസ്ട്രേഷൻ ഉദ്ഘാടനം നാളെ



ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ള കുട്ടികളെയും അൽഷിമേഴ്സ്, ഡിമെൻഷ്യ ബാധിതരായ മുതിർന്നവരെയും സഹായിക്കുന്നതിനായി ഡേ ഡ്രീംസ് ആരംഭിക്കുന്ന കവച് പദ്ധതി സംബന്ധിച്ച് ബിജീഷ് കണ്ണാംകുളത്ത് വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു. സുജാതാ മേനോൻ, സ്മിതാ സജിത്. ലീനാ ജോസഫ്, ഡോ. റിജോ മാത്യു, ഡോ. രമേഷ് ഷേണായ്, അജിത് കുമാർ പട്ടത്ത് എന്നിവർ സമീപം

**കൊച്ചി:** ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥകളിലുള്ള കുട്ടികൾക്കും , അൽഷിമേഴ്സ്,ഡിമെൻഷ്യ ബാധിച്ച മുതിർന്നവരെയും സഹായിക്കാൻ ഡേ ഡ്രീംസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇവരുടെ വിവരങ്ങളടങ്ങിയ ബ്രേസ് ലെറ്റ്, പെൻഡന്റ് എന്നിവ നിർമ്മിച്ച് നൽകുന്ന കവച് പദ്ധതിയുടെ ലോഗോ പ്രകാശനവും രജിസ്ട്രേഷൻ ഉദ്ഘാടനവും നവംബർ 30 ന് രാവിലെ 11 ന് കലൂർ ഐ.എം.എ ഹൗസിൽ നടക്കുമെന്ന് ഐ.ആർ.ഐ.എ കേരള ചാപ്റ്ററിന്റെ 2025 ലെ പ്രസിഡന്റ് ഡോ. റിജോ മാത്യു, ഐ.ആർ.ഐ.എ കൊച്ചിൻ ചാപ്റ്റർ പ്രസിഡന്റ് ഡോ. രമേഷ് ഷേണായ്, ഡേ ഡ്രീംസ് പ്രതിനിധികളായ ബിജീഷ് കണ്ണാംകുളത്ത്, അജിത് കുമാർ പട്ടത്ത്, സുജാതാ മേനോൻ, ലീനാ ജോസഫ്, സ്മിതാ സജിത് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇൻഡ്യൻ റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് അസോസിയേഷൻ (ഐ.ആർ.ഐ.എ) ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടന വേദിയിൽ വെച്ച് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ പദ്ധതിയുടെ ലോഗോ പ്രകാശനവും റെഡ് ക്രോസ് കേരള ചെയർമാൻ അഡ്വ. കെ. രാധാകൃഷ്ണൻ രജിസ്ട്രേഷൻ ഉദ്ഘാടനവും നിർവ്വഹിക്കും. ഐ.ആർ.ഐ.എ കേരള ചാപ്റ്ററിന്റെ 2025 ലെ പ്രസിഡന്റ് ഡോ. റിജോ മാത്യു, ഐ.ആർ.ഐ.എ കൊച്ചിൻ ചാപ്റ്റർ പ്രസിഡന്റ് ഡോ. രമേഷ് ഷേണായ് തുടങ്ങിയവർ പങ്കെടുക്കും.

ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ള കുട്ടികളും അൽഷിമേഴ്സ്, ഡിമെൻഷ്യ ബാധിതരായ മുതിർന്നവരും വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ പലപ്പോഴും വഴിതെറ്റി തിരികെ വീട്ടിലെത്താൻ പറ്റാതെ പ്രതിസന്ധിയിലാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഇവർ ധരിച്ചിരിക്കുന്ന ബ്രേസ് ലെറ്റ് അതല്ലെങ്കിൽ പെൻഡന്റ് എന്നിവയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിലൂടെ പൊതുസമൂഹത്തിനെയും പോലിസിനും ഇവരെ സുരക്ഷിതമായി വീടുകളിൽ എത്തിക്കാൻ സാധിക്കുമെന്ന് ഇവർ വ്യക്തമാക്കി.കുട്ടിയുടെ പേര്,രക്ഷകർത്താക്കളുടെ ഫോൺനമ്പരുകൾ അടക്കം ഇവർ ധരിച്ചിരിക്കുന്ന ബ്രേസ് ലെറ്റിൽ അതല്ലെങ്കിൽ പെൻഡന്റിൽ അടങ്ങിയിരിക്കും. ഇവരെ സഹായിക്കാൻ എത്തുന്നവരുടെ കയ്യിലുള്ള ഫോൺ ഉപയോഗിച്ച് ബ്രേസ് ലെറ്റിലോ പെൻഡന്റിലോ ഉള്ള ക്യൂർ കോഡ് സ്കാൻ ചെയ്യുകയോ ടാപ്പു ചെയ്യുകയോ ചെയ്താൽ വിവരങ്ങൾ ഫോണിൽ ദൃശ്യമാകും. ഇതുപയോഗിച്ച് കുട്ടിയുടെ ബന്ധുക്കളെ വിവരമറിയിക്കാൻ സാധിക്കുമെന്നും ഇവർ പറഞ്ഞു. ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥകളിലുള്ള കുട്ടികൾക്ക് ഡേ ഡ്രീംസിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി കുട്ടികൾ തന്നെയാണ് ഈ ഉപകരണങ്ങൾ നിർമ്മിക്കുന്നത്. ഇതിൽ നിന്നുള്ള വരുമാനവും കുട്ടികൾക്ക് തന്നെയാണ് ലഭിക്കുക. സി.ജെ മാത്യു ഐ.ആർ.എസ് ആണ് കവച് പദ്ധതിയുടെ ചെയർമാൻ. ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റി, ജെറിയാട്രിക് സൊസൈറ്റി ഓഫ് ഇന്ത്യ-കേരള (ഡോക്കേഴ്സ്) ഇൻഡ്യൻ റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് അസോസിയേഷൻ - കേരള (ഡോക്കേഴ്സ്), കെ.സി.ബി.സി, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 ഇ, അസ്സോസിയേഷൻ ഫോർ ദി ഇന്റലക്ചലി ഡിസേബിൾഡ് (എ.ഐ.ഡി), അമ്മ സ്കാൻ സെന്റർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥയിലുള്ള കുട്ടികൾക്ക് കൗമാരം കഴിഞ്ഞാൽ തങ്ങളുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിന് വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. പലതരത്തിൽ കഴിവുകളുള്ള ഇവരെ ചെറുപ്പകാലത്ത് തന്നെ അത് കണ്ടെത്തി ആവശ്യമായ പരിശീലനം നൽകിയാൽ അതിൽ ലഭിക്കുന്ന വരുമാനം കൊണ്ട് പരാശ്രയം കൂടാതെ തന്നെ ഇവർക്ക് ജീവിതം നയിക്കാൻ കഴിയും. നിലവിൽ നിരവധി കുട്ടികളെ ഐടി, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ അടക്കം നിർമ്മിക്കാൻ ഡേ ഡ്രീംസിന്റെ നേതൃത്വത്തിൽ സൗജന്യമായി പരിശീലനം നൽകുന്നുണ്ട്. പവർബാങ്ക്, ബിസിനസ് കാർഡ്സ്, നോട്ട്പാഡ്, ഫ്രിഡ്ജ് മാഗനെറ്റ്സ്, പേനകൾ, ബാഗുകൾ, ടാഗുകൾ, കാർ പെർഫ്യൂം കാർഡ്സ്, നിയോൺ ബോർഡ്സ്. ഫോട്ടോ ഫ്രെയിംസ്, ടിഷർട്ട് പ്രിന്റിംഗ്സ ബാക്ക് ലൈറ്റ് അഡ്വർടൈസ്മെന്റ് കപ്പ് പ്രിന്റിംഗ്,ഡിഫ്യൂസർ, പെർഫ്യൂംസ്, ഡെസ്ക് ടോപ്പ് അംസംബ്ലി ഉൾപ്പെടെയുള്ളവ കുട്ടികൾ സ്വന്തമായി നിർമ്മിച്ച് വരുമാനം നേടുന്നുണ്ട്.ഇത് കൂടാതെ സമ്മേളനങ്ങൾ നടക്കുമ്പോൾ പ്രതിനിധികളുടെ രജിസ്ട്രേഷൻ, ബാഡ്ജുകൾ, ടാഗുകൾ, ബാഗുകൾ, ഉൾപ്പെടെയുള്ളവ നിർമ്മിച്ചു നൽകൽ അടക്കം ഈ കുട്ടികൾ ചെയ്യുന്നുണ്ട്. ഇടപ്പള്ളിയിലെ അമ്മ സ്കാൻ സെന്ററിന്റെ സാങ്കേതിക വശങ്ങൾ കൈകാര്യം ചെയ്യുന്നത് ഡോക്ടർമാരും സ്ഥാപനത്തിന്റെ മാനേജ്മെന്റ്, പണം കൈകാര്യം ചെയ്യൽ എന്നിവ നടത്തുന്നത് ഈ കുട്ടികളുമാണ്. ഇൻഡ്യൻ റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് അസോസിയേഷൻ ദേശീയ സമ്മേളനം, ഡിസംബർ 13,14,15 തിയതികളിൽ നടക്കുന്ന ജീഡിയാട്രിക് സൊസൈറ്റി ദേശീയ സമ്മേളനം എന്നിവയുടെ മാനേജ്മെന്റ്, രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്നതും ഈ കുട്ടികൾ തന്നെയാണെന്നും ഇവർ വ്യക്തമാക്കി.

## വിഎച്ച്പിയുടെ അയ്യപ്പസേവാകേന്ദ്രം ഉദ്ഘാടനം നാളെ

**കൊച്ചി:** വിശ്വഹിന്ദു പരിഷത്ത് അയ്യപ്പസേവാകേന്ദ്രത്തിന്റെ ഉദ്ഘാടനം നാളെ (നവംബർ 30). ഏറ്റവും കൂടതൽ അയ്യപ്പഭക്തർ എത്തുന്ന ചെങ്ങന്നൂർ റെയിൽവേസ്റ്റേഷനു സമീപം അയ്യപ്പസേവാ കേന്ദ്രം തുറക്കുന്നത്.

രാവിലെ 11.45 ന് നടക്കുന്ന യോഗത്തിൽ വി.എച്ച്.പി ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി സ്ഥാണു മാലയൻ ഉദ്ഘാടനം ചെയ്യും. വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി അധ്യക്ഷത വഹിക്കും. മാർഗ്ഗദർശക് മണ്ഡലം കേരള ഘടകം ജനറൽ സെക്രട്ടറി സ്വാമി സദ്സ്വരൂപാനന്ദ സരസ്വതി അനുഗ്രഹ പ്രഭാഷണം നിർവ്വഹിക്കും.

സീമ ജാഗരൺ മഞ്ച് ദേശീയ സംയോജകൻ എ. ഗോപാലകൃഷ്ണൻ, ആർ.എസ്.എസ് ദക്ഷിണ കേരള പ്രാന്ത പ്രചാരക് എസ്. സുദർശൻ, ആർ.എസ്.എസ് ഉത്തര കേരള പ്രാന്ത പ്രചാരക് അ. വിനോദ്, വി.എച്ച്.പി പ്രാന്ത സമാലോചക് ആന്റ് ആർ.എസ്.എസ് ഉത്തര കേരള പ്രാന്ത കാര്യവാഹ് പി.എൻ ഈശ്വർ, വി.എച്ച്.പി ദേശീയ ജോയിന്റ് സെക്രട്ടറി മാരായ പി.എം നാഗരാജ്, കെ.എൻ വെങ്കിടേശ്വരൻ, വി.എച്ച്.പി ക്ഷേത്രീയ സംഘടന സെക്രട്ടറി കേശവ രാജു, മുതിർന്ന സംഘ പ്രചാരകന്മാരായ എ.എം കൃഷ്ണൻ, കെ.കൃഷ്ണൻകുട്ടി,സി.പി മോഹനചന്ദ്രൻ, മാനനീയ ജില്ലാ സംഘചാലക് ഡി.ദിലീപ്, എസ്.ജെ ആർ കുമാർ, കെ.പി ശശികലടീച്ചർ, വി.കെ ചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

## പൊതു അവധി ദിനങ്ങൾ പ്രവൃത്തി ദിവസമാക്കുന്ന സർക്കാർ നയം തിരുത്തണം

**കൊച്ചി:**പൊതു അവധി ദിനങ്ങൾ പ്രവൃത്തി ദിവസമാക്കുന്ന സർക്കാർ നയം തിരുത്തണംകെസിബിസി ജാഗ്രത കമ്മീഷൻ സെക്രട്ടറിഫാ. മൈക്കിൾ പുളിക്കൽ , കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിഫാ. ആന്റണി വക്കോ അറക്കൽ എന്നിവർ സംയുക്ത വാർത്താ കുറിപ്പിൽ ആവശ്യപ്പെട്ടു.

പൊതുഅവധി ദിവസമായ ഞായറാഴ്ച വിവിധ സർക്കാർ വകുപ്പുകൾ പ്രവൃത്തി ദിനങ്ങളാക്കിമാറ്റുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ച്, പൊതു വിദ്യാഭ്യാസ വകുപ്പ് ക്യാമ്പുകൾ, കലോത്സവങ്ങൾ, മേളകൾ, വിവിധ ദിനാചരണങ്ങൾ തുടങ്ങിയവ ഞായറാഴ്ച ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലേയ്ക്ക് നിശ്ചയിക്കുന്ന രീതി സമീപകാലങ്ങളിൽ പതിവായി കണ്ടുവരുന്നു. ഏറ്റവും ഒടുവിൽ വിദ്യാഭ്യാസ വകുപ്പ് പാഠ്യ പദ്ധതിയുടെ ഭാഗമായ ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പുകളാണ് നവംബർ, ഡിസംബർ മാസങ്ങളിൽ ശനി, ഞായർ ദിവസങ്ങളിലായി നിശ്ചയിച്ചിരിക്കുന്നത്. പതിനാറായിരത്തോളം കുട്ടികൾ പങ്കെടുക്കുന്ന 260 ക്യാമ്പുകളാണ് അത്തരത്തിൽ കേരളത്തിലുടനീളം സംഘടിപ്പിക്കപ്പെടുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ ലിറ്റിൽ കൈറ്റ്സ് പദ്ധതി പ്രശംസാർഹമാണെങ്കിലും ഞായറാഴ്ചകൾ അതിനായി നിശ്ചയിച്ചിരിക്കുന്നത് ആശാസ്യമല്ല.

2024 നവംബർ 17 ഞായറാഴ്ച സംസ്ഥാന സ്കൂൾ ശാസ്ത്രമേളയും നടത്തിയിരുന്നു. 2022 ഒക്ടോബർ 2 ഞായറാഴ്ച അപ്രതീക്ഷിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവൃത്തിദിനമായി പ്രഖ്യാപിച്ച നടപടി വ്യാപക പ്രതിഷേധങ്ങൾക്ക് വഴിയൊരുക്കിയിരുന്നു. ചടട, ചഇഇ ക്യാമ്പുകളും അധ്യാപക പരിശീലനങ്ങളും ഇത്തരത്തിൽ ഞായറാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പതിവായി നടന്നുവരുന്നുണ്ട്.

മുൻകാലങ്ങളിൽ മേളകൾ, കലോത്സവങ്ങൾ പരിശീലന പരിപാടികൾ തുടങ്ങിയവയ്ക്കിടയിൽ വരുന്ന ഞായറാഴ്ചകളിൽ അവധി നൽകിയിരുന്നെങ്കിൽ ഇപ്പോൾ ആ രീതി പൂർണ്ണമായും മാറ്റിയിരിക്കുന്നു. അവധി ദിനങ്ങൾ നിർബന്ധിത പ്രവർത്തി ദിനങ്ങളാക്കികൊണ്ടുള്ള മനുഷ്യാവകാശങ്ങളിലേക്കുള്ള ഇത്തരം കടന്നുകയറ്റങ്ങൾ ഒഴിവാക്കപ്പെടുക തന്നെ ചെയ്യണം.

പഠനത്തിന്റെ ഭാഗം തന്നെയായ ഇത്തരം പാഠ്യപാഠ്യേതര ക്യാമ്പുകളും പരിശീലന പരിപാടികളും മറ്റും അധ്യായന ദിവസങ്ങളിൽ തന്നെ ക്രമീകരിക്കുന്ന നയം സർക്കാർ സ്വീകരിക്കണം. അതിനുവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ നൽകുകയും ചെയ്യണമെന്നും ഇവർ ആവശ്യപ്പെട്ടു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗോവൻ ഷോക്ക്



**കൊച്ചി:** ഐഎസ്എലിൽ കേരള ബ്ലാസ്റ്റേഴ്സിന് ഗോവൻ ഷോക്ക്എതിരില്ലാത്ത ഒരു ഗോളിനാണ് കേരളത്തിന്റെ കൊമ്പന്മാർ എഫ്സി ഗോവയോട് പരാജയപെട്ടത്. നാൽപ്പതാംമിനിറ്റിൽ ബോറിസ് സിങ് നേടിയ ഗോളാണ് ഗോവയ്ക്ക് വിജയം സമ്മാനിച്ചത്അവസാന നിമിഷങ്ങളിൽ തകർപ്പൻ കളി പുറത്തെടുത്തിട്ടും ബ്ലാസ്റ്റേഴ്സിന് ഒപ്പമെത്താനായില്ല. പത്ത് കളിയിൽ 11 പോയിന്റുമായി പട്ടികയിൽ ഒമ്പതാം സ്ഥാനത്താണ് ടീം.

ചെന്നൈയിനെതിരെ കളിച്ച ടീമിൽ രണ്ട് മാറ്റങ്ങളാണ് പരിശീലകൻ മിക്കേൽ സ്റ്റാറേ വരുത്തിയത്. പ്രതിരോധത്തിൽ സന്ദീപ് സിങ്ങിന് പകരം പ്രീതം കോട്ടലെത്തി. മുന്നേറ്റത്തിൽ കെ പി രാഹുൽ ഇറങ്ങി. കോറു സിങ് പുറത്തിരുന്നു. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ് തുടർന്നു. പ്രതിരോധത്തിൽ റുയ്വാ ഹോർമിപാം, മിലോസ് ഡ്രിൻസിച്ച്, നവോച്ച സിങ്. മധ്യനിരയിൽ അഡ്രിയാൻ ലൂണ, വിബിൻ മോഹനൻ, ഫ്രെഡി ലല്ലംമാവ്മ. മുന്നേറ്റത്തിൽ നോഹ സദൂയ്, ഹെസ്യൂസ് ഹിമിനെസ്. ഗോവൻ ഗോൾമുഖത്ത് ഹൃതിക് തിവാരി. പ്രതിരോധത്തിൽ സന്ദേശ് ജിങ്കൻ, ഒഡെയ് ഒനയിൻഡ്യ, ആകാശ് സങ്വാൻ, ബോറിസ് സിങ്. മധ്യനിരയിൽ കാൾ മക്ഹ്യൂഗ്, സഹിൽ ടവോറ, മുഹമ്മദ് യാസിർ, ആയുഷ് ഛേത്രി, ഡെയാൻ ഡ്രാസിച്ച്. മുന്നേറ്റത്തിൽ ഇകർ ഗുറോക്ടെക്സന.

കളിയുടെ മൂന്നാം മിനിറ്റിൽ നോഹയ്ക്ക് ബോക്സിൽവച്ച് കിട്ടിയ അവസരം മുതലാക്കാനായില്ല. രാഹുൽ തൊടുത്ത പാസ് ക്രോസ് ബാറിന് മുകളിലൂടെയാണ് നോഹ പറത്തിയത്. പതിനൊന്നാം മിനിറ്റിൽ വിബിൻ ബോക്സിന് പുറത്തുനിന്ന് തൊടുത്ത ഷോട്ട് ഗോൾ കീപ്പറുടെ കൈയിലേക്കായി. പിന്നാലെ നോഹയുടെ ഷോട്ട് പ്രതിരോധത്തിൽ തട്ടിത്തെറിച്ചു. നവോച്ചയുടെ ക്രോസ് ഹൃതിക് പറന്നുപിടിച്ചു. മറുവശത്ത് ഡ്രാസിച്ചിന്റെ അടി വലയ്ക്ക് പുറത്തുതട്ടി. കളി പുരോഗമിക്കുംതോറും ബ്ലാസ്റ്റേഴ്സ് മുന്നേറ്റ നിര ഗോവൻ ബോക്സിന് പുറത്ത് തമ്പടിച്ചു. പക്ഷേ, ഗോവൻ പ്രതിരോധം പഴുതുനൽകിയില്ല. ഇരുപത്തഞ്ചാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് ഒന്നുഞെട്ടിയതാണ്. ഗുറോട്ക്സെനയുടെ ഫ്രീകിക്ക് അപകടമുണ്ടാക്കി. അടി പോസ്റ്റിൽ തട്ടിത്തെറിക്കുകയായിരുന്നു. പിന്നാലെ ഡ്രിൻസി ച്ച് തൊടുത്ത ഷോട്ട് പോസ്റ്റിന് മുകളിലൂടെ പാഞ്ഞു. ഇടവേളയ്ക്ക് തൊട്ടുമുമ്പ് ഗോവ

മുന്നിലെത്തി.വലതുവശത്ത് ബോറിസ് സിങ് നടത്തി മുന്നേറ്റം തടയാൻ പ്രതിരോധത്തിന് കഴിഞ്ഞില്ല. ബോറിസന്റെ ക്രോസ് തടയാൻ സച്ചിൻ സുരേഷ് ചാടിയെങ്കിലും കൈയിൽ തട്ടി വലയിൽ വീണു.

ഇടവേള കഴിഞ്ഞുള്ള ആദ്യ മിനിറ്റിൽ മക്ഹ്യൂഗ് ബ്ലാസ്റ്റേഴ്സ് ഗോൾമുഖത്തേക്ക് കുതിച്ചു. ഇക്കുറി സച്ചിൻ സുരേഷ് ഗോവൻതാരത്തിന്റെ അടി കൃത്യമായി തടഞ്ഞു. 57ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് മാറ്റങ്ങൾ വരുത്തി. രാഹുലിന് പകരം കോറു സിങ്. ഹിമിനെസിന് പകരം ക്വാമി പെപ്ര. കോട്ടലിന് പകരം സന്ദീപ് സിങ്.അറുപതാം മിനിറ്റിൽ തകർപ്പൻ നീക്കത്തിലൂടെ പ്രതീക്ഷയുണർത്തി. പെപ്രയുടെ ഒന്നാന്തരം ക്രോസ് നോഹ ഗോൾമുഖത്തേക്ക് തൊടുത്തു. എന്നാൽ ഗോൾ ലൈനിന് മുമ്പിൽവച്ച് പ്രതിരോധം തട്ടിയറ്റി. പെപ്രയുടെ വലതു വശത്തുനിന്നുള്ള ഷോട്ട് ഗോൾ കീപ്പറുടെ കൈയിൽ തട്ടിത്തെറിച്ചു. 76ാം മിനിറ്റിൽ രണ്ട് മാറ്റങ്ങൾ കൂടി ബ്ലാസ്റ്റേഴ്സ് വരുത്തി. യൊയ്ഹെൻബ സിങ്ങും അലെക്സാൻഡ്രെ കൊയെഫുംകളത്തിലെത്തി. ഡ്രിൻസിച്ചിനും ഫ്രെഡിക്കും പകരക്കാരായാണെത്തിയത്. പിന്നാലെ ലൂണയുടെ തകർപ്പൻഫ്രീകിക്ക് ഗോൾ കീപ്പർ തട്ടിയകറ്റി. അവസാന നിമിഷങ്ങളിൽ കടുത്ത ആക്രമണമാണ് ബ്ലാസ്റ്റേഴ്സ് നടത്തിയത്. ഗോവൻ പ്രതിരോധത്തെ കീഴടക്കാനായില്ല. കോറുവിന്റെയും ലൂണയുടെ മികച്ച ഷോട്ടുകൾ പ്രതിരോധം തടഞ്ഞു. കളി തീരാൻ നിമിഷങ്ങൾ ശേഷിക്കെ കിട്ടിയ സുവർണാവസരം സന്ദീപ് സിങ് പുറത്തേക്കടിച്ച് പാഴാക്കിയപ്പോൾ കാണികൾ തലയിൽ കൈവച്ചു. പൊരുതിക്കളിച്ചിട്ടും പിന്നെ ഫലമുണ്ടായില്ല. ഡിസംബർ ഏഴിന് എവേ ഗ്രൗണ്ടിൽ ബംഗളൂരു എഫ്സിയുമായാണ് അടുത്ത കളി.




## എം.എൽ.എ കപ്പ് 2025: ഡോൺ ബോസ്കോ എച്ച്.എസ്.എസ് വടുതല ജേതാക്കൾ

**കൊച്ചി:** ലഹരിക്കെതിരേ അഡിക്റ്റഡ് ടു ഫുട്ബോൾ എന്ന ആപ്തവാക്യവുമായി ടി.ജെ വിനോദ് എം.എൽ.എയുടെ നേതൃത്വത്തിൽ എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച എം.എൽ.എ കപ്പ് 2025 സീസൺ 3 ഫൈനൽ മത്സരത്തിൽ കേന്ദ്രീയ വിദ്യാലയ പോർട്ട് ട്രസ്റ്റിനെ ഏകപക്ഷീയമായ ഒരു ഗോളിന് കീഴടക്കി ഡോൺ ബോസ്കോ എച്ച്എസ് എസ് ചാമ്പ്യമാരായി.

ഇന്നലെ രാവിലെ ഒന്നാം പാദ സെമിഫൈനൽ മത്സരത്തിൽ എളമക്കര ഗവ.എച്ച്.എസ്.എസിനെ പരാജയപ്പെടുത്തി കേന്ദ്രീയ വിദ്യാലയ പോർട്ട് ട്രസ്റ്റും രണ്ടാം പാദ സെമിഫൈനൽ മത്സരത്തിൽ എസ്.എച്ച്.സി.എം.ഐ പബ്ലിക്ക് സ്കൂളിനെ പരാജയപ്പെടുത്തി ഡോൺ ബോസ്കോ എച്ച്.എസ്.എസ് വടുതലയും ഫൈനൽ യോഗ്യത നേടിയിരുന്നു. വൈകിട്ട് വനിതകളുടെ പ്രദർശന മത്സരത്തിൽ എസ്.ആർ.വി സ്കൂൾ പച്ചാളം എൽ.എം.സി.സിയെ കീഴടക്കി വനിതാ വിഭാഗം ചാമ്പ്യന്മാരായി.

ടി.ജെ വിനോദ് എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. വിജയികൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡും കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ സമ്മാനിച്ചു. സമാപന സമ്മേളനത്തിൽ മുൻ ഇന്ത്യൻ ഫുട്ബോൾ താരവും കേരള പോലീസിൽ അസിസ്റ്റന്റ് കമാൻഡന്റുമായ കെ.എ അൻസൺ, മുൻ എംഎൽഎ ലൂഡി ലൂയിസ്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനിൽ, ജില്ലാ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറി വിജു ചൂളക്കൽ, മുൻ മേയർ സൗമിനി ജെയിൻ, എൻ.വേണുഗോപാൽ, പി.ആർ റെനീഷ്, വി.കെ മിനിമോൾ ഡോ.പി.വി.ലൂയിസ്, മുഹമ്മദ് ഷിയാസ്, രാജു അഴിക്കകത്ത്, സ്മിത സ്റ്റാൻലി, ലിസ്സി വാര്യത്ത്, ആന്റണി കുരീത്തറ, സീന ടീച്ചർ, മിനി വിവേര, രജനി മണി, മനു ജേക്കബ്, മാലിനി കുറുപ്പ്, വി.കെ മിനിമോൾ, ശാന്ത വിജയൻ, സക്കീർ തമ്മനം, ലതിക ടീച്ചർ, ജോഷി പള്ളൻ, ജോസഫ് ആന്റണി, ആന്റണി കലൂർ, ടെൻസൺ ജോൺ, ഒ.ഡി.സേവ്യർ, ജെസ്ലിൻ ആന്റണി, സിജോ ജോസഫ്, സഫൽ വലിയവീടൻ തുടങ്ങിയവർ പങ്കെടുത്തു.

# പോലീസ് നടത്തിയ പരിശോധനത്തിൽ കണ്ടെത്തിയത് 855 ഗതാഗത നിയമലംഘനങ്ങൾ

**ആലുവ:** റൂറൽ ജില്ലയിൽ കഴിഞ്ഞ ദിവസം പോലീസ് നടത്തിയ പ്രത്യേക പരിശോധനത്തിൽ കണ്ടെത്തിയത് 855 ഗതാഗത നിയമലംഘനങ്ങൾ . റേഞ്ച് ഡി ഐ ജി തോംസൺ ജോസിന്റെ നിർദ്ദേശപ്രകാരം ജില്ലാ പോലീസ് മേധാവി ഡോ വൈഭവ് സക്സേനയുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

മദ്യപിച്ച് വാഹനമോടിച്ചതിന് 194 പേർ പിടിയിലായി. ഇതിൽ 26 വലിയ വാഹനങ്ങളും, 168 മറ്റ് തരത്തിലുള്ള വാഹനങ്ങളും ഉൾപ്പെടും. അമിതവേഗതയിൽ വാഹനമോടിച്ച 37 ഡ്രൈവർമാർ പിടിയിലായി. അപകടകരമായി വാഹനമോടിച്ച 87 പേരെ പിടികൂടി. ഇതിൽ പതിമൂന്നെണ്ണം വലിയ വാഹനങ്ങൾ ഓടിച്ചവരാണ്. അനധികൃത പാർക്കിംഗിന് 383 പേർക്കെതിരെ നടപടി സ്വീകരിച്ചു. ഇതിൽ 255 വലിയ വാഹനങ്ങളും 128 മറ്റ് വാഹനങ്ങളും ഉൾപ്പെടും. ലെയിൻ ട്രാഫിക്ക് നിയമങ്ങൾ ലംഘിച്ച 93 ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചു. ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനമോടിച്ച 24 പേർ പിടിയിലായി. അമിതഭാരം കയറ്റിയ 35 വാഹനം കസ്റ്റഡിയിലെടുത്തു. ആലുവ, മുനമ്പം, പെരുമ്പാവൂർ ,മുവാറ്റുപുഴ, പുത്തൻകുരിശ് സബ് ഡിവിഷനുകളിൽ പ്രത്യേക സംഘമായിട്ടായിരുന്നു പോലീസ് പരിശോധന. മൂവായിരത്തിലേറെ വാഹനങ്ങളാണ് ഒറ്റ ദിവസം പരിശോധിച്ചത്. പരിശോധന വരും ദിവസങ്ങളിലും തുടരും ഗതാഗത നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് പോലീസ് അറിയിച്ചു.



**ബാൽ വിവാഹ് മുക്ത് ഭാരത് ക്യാമ്പയിന്റെ ഭാഗമായി റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് പ്രതിജ്ഞയെടുത്തു .അഡീഷണൽ എസ്.പി എം.കൃഷ്ണൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു ബാലവിവാഹം രാജ്യത്ത് നിന്ന് തുടച്ചു നീക്കുന്നതിന്റെ ഭാഗമായിരുന്നു പ്രതിജ്ഞ.**

# വിഴിഞ്ഞം തുറമുഖം : 2034 മുതൽ വരുമാനം ലഭിക്കുമെന്ന് മന്ത്രി

## സപ്ലിമെന്ററി കൺസഷൻ കരാർ ഒപ്പുവച്ചു

**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാരിന് 2034 മുതൽ വരുമാന വിഹിതം ലഭിക്കുമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വാണിജ്യ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സപ്ലിമെന്ററി കൺസഷൻ കരാർ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും ഒപ്പുവച്ചു. 2045ൽ പൂർത്തിയാക്കേണ്ടിയിരുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ മുഴുവൻ ഘട്ടങ്ങളും കരാർ പ്രകാരം 2028 നുള്ളിൽ പൂർത്തീകരിക്കും. ഇതിലൂടെ ആദ്യ കരാർ അനുസരിച്ച് ലഭിക്കുന്നതിനെക്കാൾ കൂടുതൽ വരുമാനം സർക്കാരിന് ലാഭവിഹിതമായി ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. മുൻ കരാർ പ്രകാരം തുറമുഖം പ്രവർത്തനം ആരംഭിച്ചതിനുശേഷം 15ാം വർഷം മുതലാണ് സംസ്ഥാന സർക്കാരിന് തുറമുഖ വരുമാനത്തിന്റെ വിഹിതം ലഭിച്ചു തുടങ്ങുക. വിവിധ കാരണങ്ങളാൽ പദ്ധതി പൂർത്തീകരണം വൈകിയ സാഹചര്യത്തിൽ വരുമാന വിഹിതം 2039 മുതൽ മാത്രം അദാനി ഗ്രൂപ്പ് നൽകിയാൽ മതിയായിരുന്നു. എന്നാൽ, ഇപ്പോൾ എത്തിച്ചേർന്ന ധാരണ പ്രകാരം 2034 മുതൽ തന്നെ തുറമുഖത്തിൽ നിന്നും വരുമാനത്തിന്റെ വിഹിതം സർക്കാരിന് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

നിർമ്മാണം പൂർത്തീകരിക്കുന്നതനുസരിച്ച് തുറമുഖത്തിന്റെ മിനിമം സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം കണ്ടെയ്നറാണ്. ഓട്ടോമേറ്റഡ് സംവിധാനങ്ങൾ ഉപയോഗിക്കുന്നത് വഴി തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 45 ലക്ഷം വരെ ഉയരും. 2028ൽ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷിയുള്ള കണ്ടെയ്നർ ടെർമിനൽ ആയി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിക്കും.



പഴയ കരാർ പ്രകാരം 408.90 കോടി രൂപയായിരുന്നു സംസ്ഥാന സർക്കാരിന്റെ വി.ജി.എഫ് വിഹിതമായി അദാനി കമ്പനിക്ക് നിർമ്മാണ വേളയിൽ നൽകേണ്ടിയിരുന്നത്. പുതിയ ധാരണയുടെ അടിസ്ഥാനത്തിൽ ഈ തുക 365.10 കോടി രൂപയായി കുറച്ചു. 43.80 കോടി രൂപ സംസ്ഥാന സർക്കാരിന് ഇതിലൂടെ കുറവ് ലഭിച്ചു. കമ്പനിക്ക് നൽകേണ്ട 365.10 കോടി രൂപയിൽ, 189.90 കോടി രൂപ മാത്രം ഇപ്പോൾ നൽകിയാൽ മതി. ബാക്കിയുള്ള 175.20 കോടി രൂപ, തുറമുഖത്തിന്റെ എല്ലാഘട്ടങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സർക്കാർ നൽകിയാൽ മതിയെന്നും തീരുമാനമായി.

തുറമുഖത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനത്തിനായി പ്രതീക്ഷിക്കുന്ന 10000 കോടി രൂപയുടെ ചിലവ് പൂർണ്ണമായും അദാനി വഹിക്കും. 10000 കോടി രൂപയുടെ നിക്ഷേപം നടത്തുമ്പോൾ നിർമ്മാണ സാമഗ്രികൾക്കുമേൽ ലഭിക്കുന്ന നികുതി വരുമാനം സർക്കാരിന് ലഭിക്കും. ഇതിൽ നിന്നും അദാനി കമ്പനിക്കു 2028ൽ തിരികെ നൽകേണ്ട 175.20 കോടി രൂപ കണ്ടെത്താൻ സർക്കാരിന് സാധിക്കും.

ഭൂമി സമയബന്ധിതമായി ഏറ്റെടുത്തു കൊടുക്കാൻ കഴിയാത്തത് മൂലം 30 കോടി രൂപയോളം നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ അദാനി കമ്പനിക്ക് നൽകണമെന്നതും പുതിയ കരാറിൽ ഒഴിവാക്കി. ആർബിട്രേഷൻ നടപടികൾ പിൻവലിച്ചതിനെത്തുടർന്ന് സർക്കാർ ചിലവഴിക്കേണ്ടി വരുമായിരുന്ന തുകയും ലാഭിക്കാനാകും.

വിഴിഞ്ഞം പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് 40 വർഷ കരാർ കാലയളവിൽ ഏകദേശം 54750 കോടി രൂപ മൊത്ത വരുമാനമുണ്ടാക്കും. അതിൽ ഏകദേശം 6300 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിക്കും. എന്നാൽ 2028 ഡിസംബറോടെ ശേഷി വർധിപ്പിക്കൽ പൂർത്തിയാകുന്നതോടെ മൊത്തവരുമാനം 54750 കോടി രൂപയിൽ നിന്നും 215000 കോടി രൂപയാകും. വരുമാന വിഹിതം 6300 കോടി രൂപയിൽ നിന്ന് 35000 കോടി രൂപയായി വർദ്ധിക്കും. ശേഷി വർദ്ധന മൂലം വരുമാന വിഹിത ഇനത്തിലും ജിഎസ്ടി ഇനത്തിലും ഏകദേശം 48000 കോടി രൂപ സർക്കാരിന് അധികമായി ലഭിക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കാവശ്യമായ 8867 കോടി രൂപയിൽ 5595 കോടി രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വിജിഎഫ് വിഹിതം, സംസ്ഥാനം പണം ചെലവഴിക്കുന്ന പുലിമുട്ട് നിർമ്മാണം, ഭൂമി ഏറ്റെടുക്കൽ, റെയിൽ കണക്ടിവിറ്റി, ജീവനോപാധി നഷ്ടപരിഹാരം തുടങ്ങിയ ഘടകങ്ങൾക്കായാണ് 5,595 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാർ വഹിക്കേണ്ട 5,595 കോടി രൂപയിൽ ഇതുവരെ 2,159.39 കോടി രൂപ ചെലവഴിച്ചു. അദാനിയുടെ വിഹിതം 2454 കോടിയും കേന്ദ്രസർക്കാരിന്റേത് 817.80 കോടിയുമാണ്. കേന്ദ്ര വിഹിതം ഇതുവരെ ലഭ്യമായിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി.

# അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് സ്ഥിരം തൊഴിൽ; ജോബ് ഫെസ്റ്റ് ഇന്ന് എറണാകുളത്ത്

**കൊച്ചി:** പട്ടികവിഭാഗക്കാരായ എഞ്ചിനീയറിങ്ങ്, പോളിടെക്നിക് ബിരുദധാരികൾക്കായി സർക്കാർ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ഇന്ന് (29 ന്) എറണാകുളം ഫോർഷോർ റോഡിലെ ട്രൈബൽ കോംപ്ലക്സിലാണ് ഫെസ്റ്റ്. രാവിലെ 10 ന് പട്ടികജാതിപട്ടിക വർഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു ഉദ്ഘാടനം നിർവഹിക്കും.

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിയ ട്രെയിനിങ്ങ് ഫോർ കരിയർ എക്സലൻസ് ( ട്രേസ് ) പദ്ധതിയിൽ പരിശീലനം നേടിയ അക്രഡിറ്റഡ് എഞ്ചിനീയർമാരടക്കം ഫെസ്റ്റിൽ പങ്കെടുക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, കെൽ, നിർമ്മിതി, എഫ് ഐ ടി , സിൽക്ക് തുടങ്ങി നിരവധി പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങളാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിചയവും പരിശീലനവും നേടുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ട്രേസ്. ഇതിലൂടെ രണ്ടു വർഷ പരിശീലനം പൂർത്തിയാക്കിയ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് സ്ഥിരം തൊഴിൽ നേടുന്നതിന് ജോബ് ഫെസ്റ്റ് സഹായിക്കും.

ഏറെ മത്സരാധിഷ്ഠിതമായ തൊഴിൽ മേഖലയിൽ അഭ്യസ്തവിദ്യരായ പട്ടികവിഭാഗ യുവതീയുവാക്കൾ പിന്നാക്കം പോകാതിരിക്കാനുള്ള പരിശ്രമമാണ് ജോബ് ഫെസ്റ്റെന്ന് മന്ത്രി ഒ ആർ കേളു പറഞ്ഞു. വനാശ്രിതരായ 500 പട്ടികവർഗ്ഗക്കാർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി അടുത്തിടെ പി എസ് സി വഴി നിയമനം നൽകിയിരുന്നു.

ഐ.ടി.ഐ. യോഗ്യത നേടിയ പട്ടികജാതി/വർഗ്ഗ വിഭാഗക്കാരായ 56 ഉദ്യോഗാർത്ഥികൾക്ക് ഒഡേപെക് വഴി വിദേശ ജോലിയും ലഭ്യമാക്കിയിരുന്നു. ഇതിന്റെയൊക്കെ തുടർച്ചയാണ് ജോബ് ഫെസ്റ്റും.

ഉദ്യോഗാർത്ഥികൾക്ക് ഒരേ വേദിയിൽ നിരവധി സ്ഥാപനങ്ങളെ കണ്ടെത്താനും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും ഫെസ്റ്റിൽ അവസരം ലഭ്യമാകും. കൂടാതെ, തൊഴിൽദാതാക്കൾക്ക് ആവശ്യാനുസരണം പ്രതിഭകളെ കണ്ടെത്താനും അവരെ തങ്ങളുടെ സ്ഥാപനത്തിൽ ഉൾപ്പെടുത്താനുമാകും.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** അസാപ് കേരളയിൽ ഡിപ്ലോമ ഇൻ മോളിക്കുലർ വൈറോളജി ആന്റ് അനലിറ്റിക്കൽ ടെക്നിക്സ് കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വച്ചാണ് പരിശീലനം. ലൈഫ് സയൻസ് വിഷയങ്ങളിൽ ബിരുദം, ബി.ടെക് / എം.ടെക് ബയോ ടെക്നോളജി, ബി വി എസ് സി, എം ബി ബി എസ്, ബി ഡി എസ് യോഗ്യതകൾ ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഡിസംബർ 8ന് മുൻപ് ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9495999741, www.asapkerala.gov.in.

# ത്രിവത്സര എൽ.എൽ.ബി. : രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ്

**തിരുവനന്തപുരം:** 2024,25 ലെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ നവംബർ 29ന് ഉച്ചക്ക് 12 മണിക്ക് മുൻപ് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. രണ്ടാംഘട്ട ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിനായി അർഹരായ വിദ്യാർഥികളുടെ ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കോളേജുതല സ്ട്രേ വേക്കൻസി പ്രവേശനത്തിനായി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികൾ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം, മാർഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് അതത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടുക്കണം. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

# അക്യുപ്രഷർ ഹെൽത്ത് കെയർ കോഴ്സിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരി സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഇൻ അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 18ന് മുകളിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. ശനി/ഞായർ/പൊതുഅവധി ദിവസങ്ങളിലായിരിക്കും കോണ്ടാക്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. വിശദാംശങ്ങൾ ०००.ൃരരര.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തിയ്യതി ഡിസംബർ 31. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ പഠനകേന്ദ്രമായ സ്റ്റൈലസ് അക്യുപംക്ചർ വെൽനസ്സ് റിസർച്ച് സെന്ററുമായി ബന്ധപ്പെടുക. ഫോൺ: 9446140247

# സംരംഭകർക്കായി പരിശീലനം

**കൊച്ചി:** എം.എസ്.എം.ഇ. മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെക്കുറിച്ച് അറിവ് നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) മൂന്നു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ 3 മുതൽ 5 വരെ കളമശ്ശേരിയിലെ കീഡ് ക്യാമ്പസിലാണ് പരിശീലനം നടക്കുക. എക്സ്പോർട്ട് ഇംപോർട്ട് ഡോക്യുമെന്റേഷൻ പ്രൊസീജർ, റോൾ ഓഫ് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്, മോഡ് ഓഫ് എൻട്രി ഇൻടു ഇന്റർനാഷണൽ മാർക്കറ്റ്, എക്സ്പോർട്ട് കോൺട്രാക്ട് തുടങ്ങി നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലന ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1200 രൂപയാണ് മൂന്ന് ദിവസത്തെ ഫീസ്. പട്ടികജാതി, പട്ടികവർഗക്കാർക്ക് 1800 രൂപ താമസം ഉൾപ്പെടെയും 800 രൂപ താമസം കൂടാതെയുമാണ് പരിശീലന ഫീസ്. താൽപര്യമുള്ളവർ http://kied.infot/raining-calender/ എന്ന വെബ്സൈറ്റിൽ നവംബർ 30 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484 2532890/ 0484 2550322/ 9188922785.

# ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**ചാലക്കുടി:** ഗവ. ഐ.ടി.ഐയിൽ വയർമാൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക് എന്നീ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നു. പി.എസ്.സിയുടെ റൊട്ടേഷൻ സംവരണ, സംവരണേതര ചാർട്ട്പ്രകാരമായിരിക്കും നിയമനം. വയർമാൻ തസ്തികയിൽ റൊട്ടേഷൻ പ്രകാരം ഇഡബ്ല്യുഎസ് വിഭാഗത്തിൽ നിന്നും ഇലക്ട്രോണിക്സ് മെക്കാനിക്ക് തസ്തികയ്ക്കായുള്ള ഒഴിവിൽ റൊട്ടേഷൻ പ്രകാരം എസ്.സി വിഭാഗത്തിൽ നിന്നും നിയമനം നടത്തും. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 30 ന് രാവിലെ 10.30 ന് ഐ.ടി.ഐയിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0480

# ദേശീയ നൃത്തോത്സവം ഭാവ് 2024 ന് ഇന്ന് തുടക്കം

**കൊച്ചി:** കൊച്ചി നഗരസഭ സംഘടിപ്പിക്കുന്ന രണ്ടാമത് ദേശീയ നൃത്തോത്സവം ഭാവ്'2024 ന് ഇന്ന് തിരശ്ശീല ഉയരും. ഇന്ന് മുതൽ 2024 ഡിസംബർ 03, ചൊവ്വാഴ്ച വരെ എറണാകുളം ടൗൺ ഹാളിൽ ദേശീയ നൃത്തോത്സവം നടക്കും.

നൃത്തോൽസവത്തിന് തിരശ്ശീല ഉയർത്തിക്കൊണ്ട് മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി അവതരിപ്പിക്കുന്ന ഇശൽ സന്ധ്യ വൈകിട്ട് അഞ്ചു മുതൽ 6.30 വരെ നടക്കും. ദഫുമുട്ട്, ഒപ്പന, കോൽക്കളി, മാപ്പിളപ്പാട്ട്, ഇശൽ നൃത്തം, അറേബ്യൻ ഡാൻസ് എന്നിവയാണ് ഇശൽ സന്ധ്യയുടെ ഭാഗമായി അവതരിപ്പിക്കുന്നത്. തുടർന്ന് വൈകിട്ട് 6.30 ന് മന്ത്രി ഡോ. ആർ. ബിന്ദു നൃത്തോൽസവം ഉദ്ഘടനം ചെയ്യും. മേയർ അഡ്വ എം അനിൽകുമാർ അധ്യക്ഷത വഹിക്കും.ടി ജെ വിനോദ് എംഎൽഎ മുഖ്യാതിഥിയായിരിക്കും. തുടർന്ന് സിനിമാതാരം ആശാ ശരത് അവതരിപ്പിക്കുന്ന ഭരതനാട്യം വൈകിട്ട് 7:15 മുതൽ വൈകിട്ട് 8:45 വരെ നടക്കും.നൃത്തോത്സവത്തിന്റെ രണ്ടാം ദിനം വൈകിട്ട് 5:45 മുതൽ വൈകിട്ട് 6:45 വരെ നർത്തകി പ്രതീക്ഷ കാശി അവതരിപ്പിക്കുന്ന കുച്ചിപ്പുടി, വൈകിട്ട് 7:15 മുതൽ വൈകിട്ട് 8:45 വരെ പ്രശസ്ത നർത്തകി രമാ വൈദ്യനാഥനും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം എന്നിവ നടക്കും.



ദേശീയ നൃത്തത്തിന്റെ ഭാഗമായി പ്രശസ്ത കലാകാരന്മാർ നയിക്കുന്ന നൃത്ത ശിൽപശാലകളും എറണാകുളം ടൗൺ ഹാളിൽ നടക്കും. രണ്ടാം ദിനം പ്രശസ്ത നർത്തകി ശ്രീമതി രമാ വൈദ്യനാഥൻ നയിക്കുന്ന നൃത്ത ശില്പശാല ഉച്ചയ്ക്ക് 2:00 മണി മുതൽ വൈകിട്ട് 3:30 വരെ നടക്കും. തുടർന്ന് മൂന്നാം ദിനം രാവിലെ 10:00 മണി മുതൽ ഉച്ചക്ക് 12:30 വരെ നട്ടുവനാർ കെ.എസ് ബാലകൃഷ്ണൻ നയിക്കുന്ന നൃത്ത ശില്പശാല, നാലാം ദിനം രാവിലെ 10:00 മണി മുതൽ ഉച്ചക്ക് 12:30 വരെ നർത്തകരായ ഷിജിത്തും പാർവതിയും നയിക്കുന്ന നൃത്ത ശില്പശാല, അഞ്ചാം ദിനം രാവിലെ 10:00 മണി മുതൽ ഉച്ചക്ക് 12:30 വരെ നർത്തകൻ പ്രവീൺ കുമാർ നയിക്കുന്ന നൃത്ത ശില്പശാല എന്നിവ ഉണ്ടായിരിക്കും.

നൃത്തോത്സവത്തിന്റെയും നൃത്ത ശില്പശാലകളുടെയും എൻട്രികൾ സൗജന്യമായിരിക്കും. പരിപാടിയുടെ നോട്ടീസ് കൂടെ ചേർക്കുന്നു. ദേശീയ നൃത്തോത്സവം ഭാവ് 2024 ന് എല്ലാവരുടെയും സഹകരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഡ്രൈവിങ് ടെസ്റ്റിന് കാത്തിരിപ്പ് നീളും; പുതിയ തീയതി മൂന്നു മാസം വരെ വൈകും

**കൊച്ചി:** എറണാകുളം ആർടി ഓഫിസിൽ നിന്ന് ഡിസംബർ ഒന്നു മുതൽ ഡ്രൈവിങ് ടെസ്റ്റിന് അനുവദിച്ചിരുന്ന സ്ലോട്ടുകൾ റദ്ദാക്കുന്നതോടെ ഇവരിൽ പകുതി പേർക്ക് പുതിയ തീയതി ലഭിക്കാൻ 3 മാസം വരെ കാത്തിരിക്കേണ്ടി വരും. സ്ലോട്ട് റദ്ദാക്കപ്പെടുന്നവരിൽ കൂടുതലും ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഡ്രൈവിങ് ടെസ്റ്റിനു തീയതി കിട്ടിയവരാണ്. ഇവർ ഓൺലൈനിൽ പുതുതായി തീയതിക്കു ശ്രമിക്കുമ്പോൾ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേക്കു വരെ തീയതി നീണ്ടുപോകും. ഭാഗ്യമുള്ള കുറേപ്പേർക്ക് സമീപ തീയതികളും ലഭിക്കാനിടയുണ്ട്.




എണ്ണായിരത്തോളം പേർക്ക് നേരത്തേ അനുവദിച്ച തീയതിയാണ് റദ്ദാക്കപ്പെടുന്നത്. 3 മാസം മുൻപ് തീയതി എടുത്തവരാണ് ഇവരിൽ പലരും. വീണ്ടും ഡ്രൈവിങ് ടെസ്റ്റ് തീയതിക്ക് അപേക്ഷിക്കുമ്പോൾ ഇവർക്കു പുറമേ പുതിയ അപേക്ഷകരും രംഗത്തുണ്ടാകുമെന്നതാണ് തീയതി നീണ്ടു പോകുമെന്ന ആശങ്കയ്ക്കു കാരണം. നേരത്തേ 140 പേർക്കാണ് ദിവസവും തീയതി അനുവദിച്ചിരുന്നത്. ഇനി ദിവസവും 80 പേർക്കുമാത്രമാണ് ഡ്രൈവിങ് ടെസ്റ്റിനു തീയതി അനുവദിക്കുന്നത്. എണ്ണം കുറച്ചതും തീയതി നീളാൻ കാരണമാകും.

ലഭിച്ച തീയതി റദ്ദാക്കപ്പെട്ടവരും പുതുതായി ലേണേഴ്സ് ടെസ്റ്റ് പാസായവരും ഒരുമിച്ചു ഓൺലൈനിൽ പുതിയ തീയതിക്കായി പരതുമ്പോൾ പലരും മാസങ്ങൾക്കപ്പുറത്തേക്ക് പിന്തള്ളപ്പെടും. ഡ്രൈവിങ് ടെസ്റ്റ് നടത്തിയിരുന്ന മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ മറ്റു ജോലികൾക്ക് നിയോഗിച്ചതോടെ ടെസ്റ്റുകളുടെ എണ്ണം കുറച്ചതാണ് കടുത്ത പ്രതിസന്ധി ഉണ്ടാകാൻ കാരണം. നേരത്തേ ഒരു മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർ 40 പേരുടെ ഡ്രൈവിങ് ടെസ്റ്റ് എന്ന കണക്കിൽ 3 മോട്ടർ വെഹിക്കിൾ! ഇൻസ്പെക്ടർമാർ ചേർന്നാണ് 120 പേരുടെ ഡ്രൈവിങ് ടെസ്റ്റ് നടത്തിയിരുന്നത്. ഇവരിൽ ഒരാളെ പിൻവലിച്ചതോടെയാണ് ടെസ്റ്റുകളുടെ എണ്ണം 80 ആയി കുറച്ചത്.

ജോലിക്കും പഠനത്തിനും ഇതര ആവശ്യങ്ങൾക്കുമായി വിദേശത്തേക്കോ മറ്റു സംസ്ഥാനങ്ങളിലേക്കോ താമസത്തിനു പോകുന്നവർക്ക് ഡ്രൈവിങ് ടെസ്റ്റിനു മുൻഗണന നൽകുമെന്ന് ആർടിഒ ടി.എം.ജേഴ്സൺ പറഞ്ഞു. കേരളം വിടുന്നതിനുള്ള തെളിവായി വ്യക്തമായ രേഖകൾ ഹാജരാക്കണം. ഡിസംബർ ഒന്നു മുതൽ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ലോട്ടുകളും റദ്ദാക്കുന്നതിനാൽ ഓൺലൈനിൽ അത്രയും തീയതികൾ ഒഴിഞ്ഞു കിടപ്പുണ്ടാകും. ഇതാണ് കുറേപ്പേർക്ക് സമീപ തീയതികൾ തന്നെ ലഭിക്കുമെന്ന വിലയിരുത്തലിനു കാരണം. ശബരിമല ഡ്യൂട്ടി ഉൾപ്പെടെയുള്ള അധിക ജോലികൾ കഴിഞ്ഞു മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർമാർ തിരിച്ചെത്തുന്നതോടെ പ്രതിസന്ധി പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷ.

# ഭക്ഷണത്തിന് മരുന്നിനേക്കാൾ പ്രാധാന്യം നൽകണമെന്ന്

**കൊച്ചി:** ഭക്ഷണത്തിന് മരുന്നിനേക്കാൾ പ്രാധാന്യം നൽകണമെന്ന്ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്ജ് പറഞ്ഞു. ഏഴാമത് പ്രകൃതി ചികിത്സാ ദിന പരിപാടികൾ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.ജെ ജോമി ജില്ലാശുപത്രിയിൽ പുതുതായി സ്ഥാപിച്ച സെൻട്രലൈസ്ഡ് ഗ്യാസ് ചാനലിന്റെ ഉദ്ഘാടനം നിർവഹിച്ചു.ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പി.ജി ഗീതാദേവി അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ.വി.പി ജയകൃഷ്ണൻ സ്വാഗതം ആശംസിച്ചു. ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ മേഴ്സി ഗോൺസാൽവസ് , നാച്ചുറോപ്പതി അസോസിയേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പർ ഡോ. ഫെബിൻ റോണി ജില്ലാ ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഷർമദ് ഖാൻ തുടങ്ങിയവർ സംസാരിച്ചു. ഡോ. ലക്ഷ്മി നായർ ഡോ. അനു ഏലിയാസ് എന്നിവർ പ്രകൃതി ചികിത്സാ രീതികളെ കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തി.

# കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അദാലത്ത്

**തൃശൂർ:** കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംശാദായം സ്വീകരിക്കുന്നത്തിന് തൃശ്ശൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ അദാലത്ത് നടത്തുന്നു. ഡിസംബർ 10 ന് ചാഴൂർ, 13 ന് കൂർക്കഞ്ചേരി, 17 ന് മുരിയാട്, 19 ന് ചേർപ്പ്, 21 ന് പാറളം, 28 ന് പൊയ്യയിലും അദാലത്ത് നടക്കും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയാണ് അദാലത്ത് നടക്കുക. മുൻവർഷം അംശാദായം ഓൺലൈൻ മുഖേന അടയ്ക്കാത്ത അംഗങ്ങളുടെ ആധാർ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ എഫ് എസ് സി കോഡ്, ഫോൺ നമ്പർ, ജനന തീയതി എന്നിവ അദാലത്തിനു വരുമ്പോൾ ഹാജരാക്കേണ്ടതാണെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# ജൈവമാലിന്യ സംസ്കരണം സ്വകാര്യ ഏജൻസിക്ക്

**കാക്കനാട് :** പ്ലാസ്റ്റിക്ജൈവ മാലിന്യങ്ങൾ കെട്ടിക്കിടന്ന് ദുർഗന്ധപൂരിതമായി മാറിയ തൃക്കാക്കരയിൽ ജൈവമാലിന്യ സംസ്കരണത്തിന് പരിഹാരമൊരുക്കി തൃക്കാക്കര നഗരസഭ.

ഇന്നലെ ചേർന്ന കൗൺസിൽ യോഗത്തിൻറേതാണ് തീരുമാനം ഇതനുസരിച്ച് നഗരസഭയിലെ വീടുകൾ, ഹോട്ടലുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ജൈവ മാലിന്യം സ്വകാര്യ കമ്പനി സംഭരിച്ച് അവരുടെ ചിലവിൽ മാറ്റുന്ന നൂതന പദ്ധതിയാണ് നഗരസഭയിൽ നടപ്പാക്കുകയെന്ന് നഗരസഭാ ചെയർപേഴ്സൺ രാധാമണിപ്പിള്ള ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ ഉണ്ണി കാക്കനാട് എന്നിവർ അറിയിച്ചു.

നിലവിൽ ജൈവമാലിന്യം സംഭരിക്കുന്ന സ്വകാര്യ ഏജൻസിക്ക് കിലോഗ്രാമിന് നിശ്ചിത തുക അങ്ങോട്ടു നൽകിയാണ് ഇതുവരെ ജൈവമാലിന്യം സംഭരിച്ചിരുന്നത്. വീടുകൾക്കും സ്ഥാപനങ്ങൾക്കും ഇനി മുതൽ നിശ്ചിത തുക അധികൃതർ നിശ്ചയിക്കും.

ഇതനുസരിച്ചാവും സ്വകാര്യ ഏജൻസികൾ ഇനി മുതൽ മാലിന്യം ശേഖരിച്ചു കൊണ്ടുപോവുക. ഇതിനായുള്ള പ്രവർത്തനങ്ങൾ വൈകാതെ ആരംഭിക്കും.

നഗരസഭയിൽ നിലവിൽ ജോലി ചെയ്തു വരുന്നനൂറോളം ഹരിതകർമസേനാംഗങ്ങൾ പ്ലാസ്റ്റിക് മാലിന്യം മാത്രം ശേഖരിച്ചാൽ മതിയെന്ന ശുചിത്വ മിഷൻറെ തീരുമാനപ്രകാരം തൃക്കാക്കര നഗരസഭാ പരിധിക്കുള്ളിലെ വീടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ജൈവ മാലിന്യം ശേഖരിക്കാനുള്ള ചുമതലയിൽ നിന്നും ഹരിതകർമസേനയെ വിലക്കുമെന്ന് ആരോഗ്യ സ്ഥിരം സമിതിയിൽ തീരുമാനമായതായി ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ ഉണ്ണി കാക്കനാട് പറഞ്ഞു.

പ്ലാസ്റ്റിക്ക്മാലിന്യ ശേഖരണത്തിനായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ക്യൂ, ആർകോഡുകൾ പ്രകാരം വീട്ടുടമകളും മറ്റും നിശ്ചിത തുക ഫീസായി ഹരിത കർമസേനയ്ക്ക് നൽകണം.

നഗരസഭാ മന്ദിരത്തിനോട് ചേർന്നുള്ള സർക്കാർ വക ഭൂമിയിൽനിന്നും രണ്ടു ഘട്ടങ്ങളിലായി 75 സെൻറ് സ്ഥലം റവന്യൂ വകുപ്പ് നഗരസഭയ്ക്ക് അനുവദിച്ചത് രണ്ടു മാസം മുൻപാണ്. ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നൽകിയ റിപ്പോർട്ടിന്മേൽ അത്യാധുനിക മാലിന്യ സംസ്കരണ പ്ലാൻറ് നിർമിക്കാനാണ് റവന്യൂ ഭൂമി വിട്ടുകൊടുത്തത്.

നഗരസഭയിലെ 43 ഡിവിഷനുകളിൽ നിന്നായി 200 ടണ്ണോളം പ്ലാസ്റ്റിക് ജൈവ മാലിന്യങ്ങളാണ് നഗരസഭാ വളപ്പിന് ഒരു വിളിപ്പാടകലെയായി സംഭരിച്ചുവരുന്നത്.തുറസായ സ്ഥലത്ത് കൂട്ടിയിട്ട മാലിന്യങ്ങളിൽ തെരുവുനായകൾ, എലികൾ തുടങ്ങിയുള്ളവയുടെ വിളയാട്ടവും ശക്തമാണ്.

# ആക്റ്റിവ ഇ, ക്യുസി വൺ

## ഇലക്ട്രിക്ക് സ്കൂട്ടറുകൾ അവതരിപ്പിച്ച് ഹോണ്ട

### 2025 ജനുവരി ഒന്ന് മുതൽ വാഹനത്തിന്റെ ബുക്കിംഗ് ആരംഭിക്കും

**കൊച്ചി:** ആക്റ്റിവ ഇ, ക്യുസി വൺ ഇലക്ട്രിക് സ്കൂട്ടറുകൾ അവതരിപ്പിച്ച് ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ മൊബിലിറ്റി. ഇലക്ട്രിക യുഗത്തേക്കുള്ള ഹോണ്ട യുടെ ചുവടുവെയ്പ്പാണ് ഈ സ്കൂട്ടറുകൾ. 2025 ജനുവരി ഒന്ന് മുതൽ വാഹനത്തിൻറെ ബുക്കിംഗ് ആരംഭിക്കും. ഫെബ്രുവരി മുതലാണ് വാഹനം ലഭിക്കുക.

ഓൾഎൽഇഡി ഹെഡ്ലൈറ്റും ടെയിൽ ലാമ്പും ആക്റ്റിവ ഇ യിലുണ്ട്. ഡ്യൂവൽടോൺ സീറ്റ്, 12ഇഞ്ച് ഡയമണ്ട് കട്ട് അലോയ് വീലുകൾ, ഫ്ലാറ്റ് ഫുട്ബോർഡ്, ദൃഢമായ ഗ്രാബ് റെയിൽ തുടങ്ങിയവ മറ്റു സവിശേഷതകളാണ്. ആക്റ്റിവ ഇ, ആക്റ്റിവ ഇ ഹോണ്ട റോഡ് സിങ്ക് ഡ്യുയോ ആർ എന്നീ രണ്ട് വേരിയൻറുകളിലുള്ള വാഹനം പേൾ ഷാലോ ബ്ലൂ, പേൾ മിസ്റ്റി വൈറ്റ്, പേൾ സെറിനിറ്റി ബ്ലൂ, മാറ്റ് ഫോഗി സിൽവർ മെറ്റാലിക്, പേൾ ഇഗ്നിയസ് ബ്ലാക്ക് എന്നീ നിറങ്ങളിൽ ലഭ്യമാണ്.

ഹോണ്ട റോഡ് സിങ്ക് ആർ ആപ്പുമായി തത്സമയ കണക്റ്റിവിറ്റി വാഗ്ദാനം ചെയ്യുന്ന 7 ഇഞ്ച് ടിഎഫ്ടി സ്ക്രീൻ പ്രധാന ആകർഷണമാണ്. നാവിഗേഷൻ, ഡേ നൈറ്റ് മോഡുകൾ എന്നിവയും ഇൻഫോടെയിൻമെൻറ് സ്ക്രീനിലുണ്ട്. ഹാൻഡിൽബാറിൽ സ്ഥാപിച്ചിരിക്കുന്ന ടോഗിൾ സ്വിച്ചുകൾ ഉപയോഗിച്ച് ടിഎഫ്ടി സ്ക്രീൻ നിയന്ത്രിക്കാനാകും. സ്മാർട്ട് ഫൈൻഡ്, സ്മാർട്ട് സേഫ്, സ്മാർട്ട് അൺലോക്ക്, സ്മാർട്ട് സ്റ്റാർട്ട് തുടങ്ങിയ സവിശേഷതകൾ ലഭിക്കുന്ന ഹോണ്ടയുടെ എച്ച്സ്മാർട്ട് കീയുടെ ഒപ്പമാണ് ആക്റ്റിവ ഇ എത്തുന്നത്.





സ്വാപ്പ് ചെയ്യാവുന്ന ബാറ്ററിയാണ് വാഹനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഹോണ്ട പവർ പാക്ക് എനർജി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വികസിപ്പിച്ച് പരിപാലിക്കുന്ന സ്വാപ്പ് ചെയ്യാവുന്ന ബാറ്ററികളാണ് ഹോണ്ട മൊബൈൽ പവർ പാക്ക് ഇ. ആക്റ്റിവ ഇ യിൽ 1.5 കെഡബ്ല്യൂഎച്ച് ശേഷിയുള്ള സ്വാപ്പ് ചെയ്യാവുന്ന രണ്ട് ബാറ്ററികളാണുള്ളത്. ഫുൾ ചാർജിൽ 102 കിലോമീറ്ററാണ് റേഞ്ച്. നഗരത്തിലുടനീളം ആസൂത്രണം ചെയ്തിരിക്കുന്ന നിയുക്ത ഹോണ്ട പവർ പാക്ക് എക്സ്ചേഞ്ചറിൻറെ സഹായത്തോടെ സ്വാപ്പ് ചെയ്യാവുന്ന ബാറ്ററികൾ കൈമാറ്റം ചെയ്യാവുന്നതാണ്.

പേൾ സെറിനിറ്റി ബ്ലൂ, പേൾ മിസ്റ്റി വൈറ്റ്, മാറ്റ് ഫോഗി സിൽവർ മെറ്റാലിക്, പേൾ ഇഗ്നിയസ് ബ്ലാക്ക്, പേൾ ഷാലോ ബ്ലൂ എന്നീ നിറങ്ങളിൽ ലഭ്യമാകുന്ന ഏറ്റവും പുതിയ ഹോണ്ട ക്യുസി വൺ മികച്ച റിയർ വ്യൂ മിററുകൾ, സ്റ്റൈലിഷ് 12 ഇഞ്ച് ഫ്രണ്ട് അലോയ് വീൽ, ദൃഢമായ ഗ്രാബ് റെയിൽ, ഫ്യൂച്ചറിസ്റ്റിക് ലുക്ക് എന്നിവയോടെയാണ് എത്തുന്നത്.1.5 കെഡബ്ല്യൂഎച്ച് ഫിക്സഡ് ബാറ്ററി പാക്കാണ് ഹോണ്ട ക്യുസി വൺ നൽകുന്നത്. ഒറ്റ ചാർജിൽ 80 കിലോമീറ്റർ വാഗ്ദാനം ചെയ്യുന്ന റേഞ്ച്.

2025 ഫെബ്രുവരി മുതൽ ഡൽഹി, മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിൽ ആക്റ്റിവ ഇ ലഭ്യമാകും. 2025 ഫെബ്രുവരി മുതൽ തിരഞ്ഞെടുത്ത നഗരങ്ങളിൽ ക്യുസി വണ്ണും ലഭിക്കും. 3 വർഷം അല്ലെങ്കിൽ 50,000 കി.മി വരെയാണ് ഇരു വാഹനങ്ങളുടെയും വാറൻറി.

# അവീനോ ബേബിയുടെ സ്റ്റാർട്ട് ഏർലി, സ്റ്റോപ് അടോപിക് ഡെർമറ്റൈറ്റിസ് കാമ്പയിൻ

**കൊച്ചി:** അവീനോ ബേബി സ്റ്റാർട്ട് ഏർലി, സ്റ്റോപ് അടോപിക് ഡെർമറ്റൈറ്റിസ് കാമ്പയിന് തുടക്കമിട്ടു. നവജാതശിശുക്കളിൽ മോയ്സ്ചുറൈസറുകളുടെ നേരത്തെയുള്ള ഉപയോഗത്തിലൂടെ അടോപിക് ഡെർമറ്റൈറ്റിസ് തടയാൻ സാധിക്കുമെന്നതാണ് അവീനോ ബേബിയുടെ പുതിയ കാമ്പയിനിലൂടെ പറയുന്നത്. കൂടാതെ ഡെർമറ്റോളജിക്കൽ ഡിസീസ് ബോധവത്ക്കരണ കാമ്പയിനുള്ള ഗിന്നസ് ലോക റെക്കോർഡും അവീനോ ബേബി. അവീനോ ബേബി സ്വന്തമാക്കി. 11201 ഇന്ത്യൻ ശിശുരോഗവിദഗ്ധർ, ഡെർമറ്റോളജിസ്റ്റുകൾ, ഹെൽത്ത് കെയർ പ്രൊഫഷണലുകൾ എന്നിവരുമായി കൈകോർത്താണ് ഈ റെക്കോർഡ് തകർത്തത്.

അടോപിക് ഡെർമറ്റൈറ്റിസ് പോലെയുള്ള സെൻസിറ്റീവ് ചർമാവസ്ഥയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടയാണ് അവീനോ ബേബി ' സ്റ്റാർട്ട് ഏർലി, സ്റ്റോപ് അടോപിക് ഡെർമറ്റൈറ്റിസ്' എന്ന കാമ്പയിന് തുടക്കമിട്ടത്. അടോപിക് ഡെർമറ്റൈറ്റിസ് പോലെയുള്ള ചർമാവസ്ഥ കൈകാര്യം ചെയ്യുന്നതിന് ഓട്സ് അടിസ്ഥാനമാക്കിയുള്ള മോയ്സ്ചറൈസറുകളുടെ പ്രാധാന്യം എടുത്തുകാട്ടുന്നതായിരുന്നു കാമ്പയിൻ.

അടോപിക് ഡെർമറ്റൈറ്റിസ് ഉള്ള ഏകദേശം 60 ശതമാനം കുട്ടികളിലും ആദ്യവർഷത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കാണിച്ചിരിക്കും. 90 ശതമാനം പേരിൽ അഞ്ച് വയസാകുമ്പോഴേയ്ക്കും ലക്ഷണങ്ങൾ കാട്ടിയിരിക്കും.

ചർമത്തിൽ ചുവപ്പ്, ചൊറിച്ചിൽ, വരണ്ടചർമം, ചുണങ്ങ് തുടങ്ങിയ ലക്ഷണങ്ങളാണ് ശിശുക്കളിൽ ഇതുസംബന്ധിച്ച് സാധാരണയായി കണ്ടുവരുന്നത്. ശിശുക്കളിലെ സെൻസിറ്റീവ് ചർമാവസ്ഥ പൊതുവേ തിരിച്ചറിയപ്പെടാതെ പോകുകയാണ് പതിവ്. ഇത് പിന്നീട് നീണ്ടുനില്ക്കുന്ന ചർമത്തിൻറെ അസ്വസ്ഥകൾക്ക് കാരണമാകുന്നു.

ഇന്ത്യയിലെ 82 ശതമാനത്തോളം മാതാപിതാക്കൾക്ക് അടോപിക് ഡെർമറ്റൈറ്റിസിനെ കുറിച്ച് ധാരണയില്ലെന്നാണ് അവീനോ ബേബിയും ഫസ്റ്റ് ക്രൈയും ചേർന്ന് നടത്തിയ സർവേയിൽ വെളിപ്പെട്ടിരിക്കുന്നത്. ഇത് ചർമത്തിൻറെ അവസ്ഥയെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള അവബോധം വളർത്തേണ്ടതിൻറെ ആവശ്യകത അടിവരയിടുന്നു.

സെൻസിറ്റീവ് ചർമം പ്രത്യേക പരിചരണം ആവശ്യമുള്ളതാണെന്നും ശിശുക്കളിലെ സെൻസിറ്റീവ് ചർമാവസ്ഥകളെകുറിച്ചും അത് കൈകാര്യം ചെയ്യാൻ ആവശ്യമായ ചികിത്സാ നടപടികളെക്കുറിച്ചും കാര്യമായ അവബോധമില്ലന്നും കെൻവൂ എസൈൻഷ്യൽ ഹെൽത്ത് ആൻഡ് സ്കിൻ ഹെൽത്ത് ബിസിനസ് യൂണിറ്റ് ഹെഡും മാർക്കറ്റിംഗ് വൈസ് പ്രസിഡൻറുമായ മനോജ് ഗാഡ്ഗിൽ പറഞ്ഞു.

രാജ്യത്തുടനീളമുള്ള പ്രമുഖ ഹെൽത്ത്കെയർ പ്രൊഫഷണലുകളുമായി സഹകരിച്ച്, കുട്ടികളിലെ അടോപിക് ഡെർമറ്റൈറ്റിസ് പോലെയുള്ള അങ്ങേയറ്റം സെൻസിറ്റീവ് ചർമാവസ്ഥകൾ കൈകാര്യം ചെയ്യാൻ ഓട്സ് അടിസ്ഥാനമാക്കിയിടുള്ള മോയ്സ്ചറൈസറുകളുടെ പങ്കിനെ കുറിച്ചുള്ള അവബോധം ശക്തമാക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.



# ഡോ യു എസ് അവാസ്തിക്ക് ഐസിഎ റോച്ച്ഡേൽ പയനിയേഴ്സ് അവാർഡ്

**ന്യൂഡൽഹി:** ഇന്റർനാഷണൽ കോഓപ്പറേറ്റീവ് അലയൻസ് (ഐസിഎ) റോച്ച്ഡേൽ പയനിയേഴ്സ് അവാർഡ് ഇഫ്കോ എംഡി ഡോ.യു എസ് അവാസ്തിക്ക് ലഭിച്ചു. ഡോ. വർഗീസ് കുര്യന് ശേഷം ഈ പുരസ്കാരം ലഭിക്കുന്ന രണ്ടാമത്തെ ഇന്ത്യക്കാനാണ് അവാസ്തി. രാജ്യത്തെ ഏറ്റവും വലിയ വളം ഉൽപാദകരും വിപണന സംഘവും പ്രതിശീർഷ ജിഡിപിയുടെ കാര്യത്തിൽ ആഗോളതലത്തിൽ ഏറ്റവും വലിയ സഹകരണ സ്ഥാപനവുമായി ഇഫ്കോ മാറിയതിനുള്ള അംഗീകാരമായാണ് അവാസ്തിയെത്തേടി അവാർഡെത്തിയത്.

നവംബർ 25 ന് ന്യൂഡൽഹിയിൽ നടന്ന ഐസിഎ ആഗോള സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രത്യേക ചടങ്ങിൽ ഐസിഎ പ്രസിഡന്റ് ഏരിയൽ ഗ്വാർകോ ഡോ അവാസ്തിക്ക് അവാർഡ് സമ്മാനിച്ചു.. അന്താരാഷ്ട്ര സഹകരണ സഖ്യത്തിന്റെയും കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെയും പങ്കാളിത്തത്തോടെ ഇഫ്കോയാണ് ഐസിഎ ജനറൽ അസംബ്ലി, ഗ്ലോബൽ കോഓപ്പറേറ്റീവ് കോൺഫറൻസ് 2024 എന്നിവയ്ക്ക് ആതിഥേയത്വം വഹിക്കുന്നത്. ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടി നവംബർ 30 ന് സമാപിക്കും.

ഐസിഎയുടെ ഈ അഭിമാനകരമായ അവാർഡ് ലഭിച്ചതിൽ ഏറെ അഭിമാനമുണ്ടെന്ന് ഡോ.അവസ്തി പറഞ്ഞു. പ്രധാനമന്ത്രി നര്ന്ദ്ര മോദിയുടെ 'സഹകർ സേ സമൃദ്ധി' എന്ന കാഴ്ചപ്പാടിനെ ഉൾക്കൊള്ളുന്ന ഈ ബഹുമതി ഇഫ്കോയുടെ മികവിനുള്ള അംഗീകാരമായി കാണുന്നതായും അദ്ദേഹം പറഞ്ഞു.

# ഇൻവെസ്കോ ഇന്ത്യ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഇൻവെസ്കോ മ്യൂചൽ ഫണ്ടിൻറെ ഓപ്പൺ എൻഡഡ് പദ്ധതിയായ ഇൻവെസ്കോ ഇന്ത്യ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് അവതരിപ്പിച്ചു. എൻഎഫ്ഒ ഡിസംബർ 11 വരെ നടത്തും. ഓഹരി, കടപത്രം, ഗോൾഡ്, സിൽവർ ഇടിഎഫുകൾ തുടങ്ങിയവയിൽ നിക്ഷേപിക്കുന്ന ഈ മ്യൂചൽ ഫണ്ട് പദ്ധതിയിലൂടെ ദീർഘകാല മൂലധന നേട്ടം ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് ഇൻവെസ്കോ മ്യൂചൽ ഫണ്ട് ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫീസർ താഹെർ ബാദ്ഷാ പറഞ്ഞു.ഓഹരികളിലും അനുബന്ധ മേഖലകളിലും കടപത്ര അനുബന്ധ മേഖലകളിലും 10 മുതൽ 80 ശതമാനം വീതം വരെയുള്ള നിക്ഷേപം നടത്താനാണ് വ്യവസ്ഥയുള്ളത്. ഇടിഎഫുകളിൽ പത്തു മുതൽ 50 ശതമാനം വരെയുള്ള നിക്ഷേപം നടത്താനും സാധിക്കും. ഓഹരി നിക്ഷേപത്തിൻറെ 35 ശതമാനം വരെ അവസരത്തിന് അനുസരിച്ച് വിദേശ സെക്യൂരിറ്റികളിലും നിക്ഷേപിക്കാനാവും. 1,000 രൂപയാണ് കുറഞ്ഞ എൻഎഫ്ഒ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാമെന്നും താഹെർ ബാദ്ഷാ പറഞ്ഞു.

# ദി ആൾട്ടർനേറ്റീവ് ബോർഡ് കേരളത്തിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി:** ദി ആൾട്ടർനേറ്റീവ് ബോർഡ് (ടാബ്) സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. കൊച്ചിയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു. കെഎസ്ഐഡിസി ചെയർമാൻ സി. ബാലഗോപാൽ മുഖ്യ പ്രഭാഷണം നടത്തി.

അമേരിക്കയിലെ ഡെൻവർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടാബ് മൂന്ന് പതിറ്റാണ്ടിലേറെയായി 25 ലേറെ രാജ്യങ്ങളിൽ ബിസിനസ് കോച്ചിംഗ് രംഗത്ത് സേവനങ്ങൾ നല്കുന്നുണ്ട്. ആഗോളതലത്തിൽ ആയിരത്തി ഒരുനൂറോളം വ്യത്യസ്ത ബിസിനസുകളുമായി ബന്ധപ്പെട്ട് ടാബ് പ്രവർത്തിക്കുന്നു.സംരംഭകർക്ക് വൺ ഓൺവൺ കോച്ചിംഗ് സെഷനുകൾ, മറ്റ് സംരംഭകർ ഉൾപ്പെടുന്ന പ്രതിമാസ പിയർ ബോർഡ് ഉപദേശക യോഗങ്ങൾ, ബിസിനസ് ബ്ലൂപ്രിന്റ്, ആഗോള നെറ്റ് വർക്കിങ് അവസരങ്ങൾ, പരിചയസമ്പന്നരായ സംരംഭകരിൽ നിന്നുള്ള ഒബ്ജക്ടീവ് ഫീഡ്ബാക്ക് എന്നിങ്ങനെ അനവധി സേവനങ്ങൾ ടാബ് നല്കുന്നു.വളരെയേറെ പ്രതീക്ഷയോടെയാണ് ടാബ് കേരളത്തിൽ പ്രവർത്തനം തുടങ്ങുന്നതെന്ന് സ്ഥാപനത്തിന്റെ ദക്ഷിണേന്ത്യയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന വി. ജി. സോമശേഖർ പറഞ്ഞു.

# എച്ച്ഡിഎഫ്സി ബാങ്കിന്റെ പ്രഗതി സേവിങ്സ് അക്കൗണ്ട്

**കൊച്ചി:** എച്ച്ഡിഎഫ്സി ബാങ്ക് ചെറുപട്ടണങ്ങളിലേക്കും ഗ്രാമപ്രദേശങ്ങളിലേക്കുമായുള്ള അവരുടെ പ്രഗതി സേവിങ്സ് അക്കൗണ്ട് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു.ചെറുപട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി തങ്ങളുടെ 51% ശാഖകളുള്ള എച്ച്ഡിഎഫ്സി ബാങ്ക് ഗ്രാമീണ സമ്പദ്വ്യവസ്ഥകളെ പിന്തുണയ്ക്കുകയും, സാമ്പത്തിക ഉൾപ്പെടുത്തലിന് പ്രേരണ നൽകുകയും ചെയ്യുന്നു. ഒഉഎഇ ബാങ്കിന്റെ പ്രഗതി സേവിങ്സ് അക്കൗണ്ട് ഭാരതത്തിലെ കർഷകരുൾപ്പടെയുള്ള (പരമ്പരാഗത, കന്നുകാലി വളർത്തൽ, മത്സ്യബന്ധന, കോഴി വളർത്തൽ, പശുവളർത്തൽ എന്നിവയടങ്ങുന്ന) കാർഷികമേഖല, സ്വയം തൊഴിൽ കണ്ടെത്തിയ വ്യക്തികൾ, ഗ്രാമവാസികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്കായി സമഗ്ര ബാങ്കിങ് പരിസ്ഥിതി പടുത്തുയർത്തുകയെന്നതാണ് ല്ക്ഷ്യമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.




# ഇൻഫോപാർക്ക് കൊച്ചിയിൽ ഓഫീസ് തുറന്ന് അഡെസോ

**കൊച്ചി:** ഇൻഫോപാർക്ക് കൊച്ചിയിൽ അത്യാധുനിക ഓഫീസ് തുറന്ന് ആഗോള ഐടി സേവന ദാതാവായ അഡെസോ.

പുതിയ ഓഫീസിന്റെ ഉദ്ഘാടനം അഡെസോ സി.ഇ.ഒ മാർക്ക് ലോഹെവബർ നിർവഹിച്ചു. അഡെസോ ബോർഡ് ഉപദേഷ്ടാവ് ടോർസ്റ്റൺ വേഗനാർ, വെസ്റ്റ് യൂറോപ്പ് & സ്മാർട്ട്ഷോർ, അഡെസോ ബിസിനസ് ഏരിയ ലീഡ് ബുറാക് ബാരി, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഷാലി ഹസ്സൻ, അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ പ്രമോദ് മുരളീധരൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ആധുനിക വർക്ക്സ്പേസുകൾ, നൂതന ടെക്നോളജിയിലൂള്ള അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ ക്ഷേമത്തിനും പ്രൊഫഷണൽ വളർച്ചയ്ക്കും സഹായകമായ സംവിധാനങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട്, ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി കൂടി ലക്ഷ്യമിട്ടു കൊണ്ടാണ് കൊച്ചിയിലെ ഓഫീസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ, ഇന്ത്യയിലെ ഡെലിവറി സെന്റർ ശക്തിപ്പെടുത്തുന്നതിനും ആഗോള ക്ലയന്റ് ബേസ് വർദ്ധിപ്പിക്കുന്നതിനുമായി 1,000ത്തിലധികം പ്രൊഫഷണലുകളെ നിയമിക്കാൻ അഡെസോക്ക് പദ്ധതിയുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# 'സ്യഷ്ടാവ് സമ്പദ് വ്യവസ്ഥയും സ്വയം സംരംഭങ്ങളും': ചർച്ച സംഘടിപ്പിക്കുന്നു

**കൊച്ചി;** ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിലെയും സ്റ്റാർട്ടപ്പ് സംരംഭങ്ങളിലെയും പുതിയ പ്രവണതകളും അവയുടെ പ്രത്യാഘാതങ്ങളും ചർച്ചചെയ്യുന്ന ദേശീയ സമ്മേളനം ഡിസംബർ മൂന്നിന് കൊച്ചിയിൽ നടക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആൻഡ് ഡെവലപ്മെന്റിനോടൊപ്പംഅമേരിക്കയിലെ എൻക്യൂബ് ലാപ്സ് എന്ന സംരംഭകത്വ വികസന സ്ഥാപനവും തേവര സേക്രഡ് ഹാർട്ട് കോളേജ് ചേർന്നാണ് ചർച്ച സംഘടിപ്പിക്കുന്നത്.പ്രമുഖ വിജ്ഞാന വിനിമയ കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ടിലെ 'ചെറുകിടസംരംഭ നിരീക്ഷണ കേന്ദ്ര'ത്തിന്റെയും 'ദേശീയ ചെറുകിട ഇടത്തരം സംരംഭ വിനിമയ പരിപാടി'യുടെയും ആഭിമുഖ്യത്തിൽതയ്യാറാക്കിയഇരുപത്തിയേഴാമത് ദേശീയ അവലോകന റിപ്പോർട്ട്സമ്മേളനത്തി പുറത്തിറക്കും. കേന്ദ്രസർക്കാരിന്റെയും വിവിധ സംസ്ഥാന സർക്കാരുകളുടെയും പ്രതിനിധികളും വ്യവസായ ധനകാര്യ രംഗത്തെ പ്രമുഖരും പങ്കെടുക്കു സമ്മേളനത്തിൽ,വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വംഎന്നീ മേഖലകളിലെ പുതിയ ചലനങ്ങൾ ചർച്ചയ്ക്ക് വിധേയമാകും പാലാരിവട്ടം ദി റെനി കൊച്ചി'നിൽ ഉച്ചയ്ക്ക് രണ്ടിനാണ് പ്രോഗ്രാം.

# പുതിയ പഠനമായി മെറ്റ

**കൊച്ചി :** രാജ്യത്ത് ക്വിക്ക് കൊമേഴ്സിന്റെ വളർച്ചയും രണ്ടാം നിര, മൂന്നാം നിര നഗരങ്ങളിൽ ഓൺലൈൻ ഷോപ്പിംഗിന്റെ വേഗവർധനയും സംബന്ധിച്ച കണക്കുകൾ പുറത്തുവിട്ടു. വ്യക്തിപരമാക്കിയ റെക്കമെൻഡേഷനുകളും കണ്ടെത്തലും, ക്രിയേറ്റർമാർ, മെസേജിംഗ് എന്നിവ ആളുകൾക്ക് ഓൺലൈനിൽ, പ്രത്യേകിച്ച് ക്വിക്ക് കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ഷോപ്പിംഗ് കൂടുതൽ എളുപ്പമാക്കുന്നത് എങ്ങനെയെന്ന് രണ്ട് പഠനങ്ങളും എടുത്തുകാണിക്കുന്നു.

# നൂതന പോഷക ഉത്പന്നങ്ങളുമായി ഡച്ച് മെഡിക്കൽ ഫുഡും പ്രിസ്റ്റീൻ പേൾ ഫാർമയും

**കൊച്ചി:** മെഡിക്കൽ പോഷണത്തിലെ ആഗോള തലവനായ ഡച്ച് മെഡിക്കൽ ഫുഡ് ബി.വി ലിമിറ്റഡ്, പ്രിസ്റ്റീൻ പേൾ ഫാർമ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ഇന്ത്യയിൽ നടന്ന നാഷണൽ പൾമണറി കോൺഫറൻസിൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങളെ പ്രതിരോധിക്കാൻ ലക്ഷ്യമിട്ട് പ്രത്യേക പോഷക ഉൽപന്നങ്ങളുടെ അവതരണം പ്രഖ്യാപിച്ചു. ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ്, മറ്റ് ശ്വാസകോശ സംബന്ധമായ അവസ്ഥകൾ എന്നിവയുള്ള രോഗികളെ സഹായിക്കുന്നതിനും രോഗമുക്തിയെയും മൊത്തത്തിലുള്ള ജീവിത നിലവാരത്തെയും സ്വാധീനിക്കുന്ന അവശ്യ പോഷക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വേണ്ടിയാണ് ഈ നൂതന ഉത്പന്നങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ഡച്ച് മെഡിക്കൽ ഫുഡിന്റെ സഹസ്ഥാപകനായ ഡോ.ഗുരു രാമനാഥൻ പറഞ്ഞു.ഇന്ത്യയിൽ ഏകദേശം 55.3 ദശലക്ഷം ആളുകളെ ബാധിക്കുന്ന സിഒപിഡി, വൈകല്യത്തിന്റെയും മരണത്തിന്റെയും പ്രധാന കാരണങ്ങളിലൊന്നാണ്. ഇതോടൊപ്പം പലപ്പോഴും കടുത്ത പോഷകക്കുറവ് ഉണ്ടാവുകയും അതുമൂലം ആരോഗ്യപ്രശ്നങ്ങൾ കൂടുതൽ വഷളാകുകയും ചെയ്യുന്നുണ്ട്. സിഒപിഡി പോലുള്ള ശ്വാസകോശ സംബന്ധമായ രോഗങ്ങൾ പലപ്പോഴും ഗുരുതരമായ പോഷകക്കുറവിലേക്ക് നയിക്കുന്നുവെന്നും, ഇത് രോഗികളുടെ രോഗമുക്തിയെയും പ്രതിരോധശേഷിയെയും തടസപ്പെടുത്തുന്നുവെന്നും ഡോ.ഗുരു രാമനാഥൻ പറഞ്ഞു.ഈ സൊല്യൂഷനുകൾ അവതരിപ്പിക്കുന്നതിലൂടെ, ചികിത്സാ പ്രോട്ടോക്കോളുകളുമായി സംയോജിപ്പിക്കുന്ന ഫലപ്രദമായ പോഷക ഉപകരണങ്ങൾ ഉപയോഗിച്ച് ഇന്ത്യയിലെ ആരോഗ്യ സംരക്ഷണ വിദഗ്ധരെ ശാക്തീകരിക്കുക എന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് സഹസ്ഥാപകനായ ഡോ.റോൾഫ് സ്മീറ്റ്സ് പറഞ്ഞു. രാജ്യവ്യാപകമായി രോഗികളുടെ ഫലങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഉയർന്ന നിലവാരമുള്ള, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള പോഷണ പരിഹാരങ്ങൾ എത്തിക്കുന്നതിനുള്ള തങ്ങളുടെ സമർപ്പണമാണ് അവതരണം പ്രകടമാക്കുന്നതെന്ന് പ്രിസ്റ്റീൻ പേൾ മാനേജിങ് ഡയറക്ടർ എസ്.എം അയൂബ് പറഞ്ഞു.

# മൈ വി കെ സി 11ാമത് സ്റ്റോർ തമിഴ്നാട്ടിൽ തുറന്നു

**കോഴിക്കോട്:** രാജ്യത്തെ പ്രമുഖ ലൈഫ് സ്റ്റൈൽ കോർപ്പറേറ്റ് സ്ഥാപനമായ വി കെ സി എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്ലെറ്റ് ശൃംഖലയായ മൈ വി കെ സിയുടെ 11മത് സ്റ്റോർ തമിഴ്നാട്ടിലെ വാലാജാപേട്ടിൽ തുറന്നു. ഇതോടെ കോഴിക്കോട് വി കെ സി സ്റ്റോർ ഉൾപ്പെടെ രാജ്യത്ത് വിവിധയിടങ്ങളിലായി വി കെ സി കഴിഞ്ഞ ഒമ്പത് മാസത്തിനിടെ 12 സ്റ്റോറുകൾ തുറന്നു.പ്രായഭേദമന്യേ മുതിർന്നവർക്കും യുവാക്കൾക്കും കുട്ടികൾക്കുമെല്ലാം സമകാലിക ഫാഷനിലുള്ള ഉത്പന്നങ്ങൾ മൈ വി കെ സി സ്റ്റോറുകളിൽ ലഭിക്കും. സ്പോർട്സ്, ഫെസ്റ്റിവൽ, വെഡ്ഡിങ്ങ്, ഓഫീസ്, യൂത്ത് ഫാഷനുകളുടെ ശേഖരവും ഒരുക്കിയിട്ടുണ്ട്. പവർ ബ്രാൻഡായ വികെസി ഡെബോണിന് കീഴിൽ സവിശേഷമായ ഒകെയർ ബ്രാൻഡിലൂടെ ഹെൽത്ത് കെയർ പാദരക്ഷകളും ലഭ്യമാണ്.മൈ വി കെ സിയിൽ ഇന്ത്യയിലെ വി കെ സിയുടെ ആറു പവർ ബ്രാൻഡുകളായ വി കെ സി പ്രൈഡ്, വി കെ സി ഡെബോൾ, ഗുഡ്സ്പോട്ട്, ഈസി, ഡെബോംഗോ, ജാ മെയ് കാ തുടങ്ങി ഓരോ ആഴ്ചയും ആയിരത്തിലധികം മോഡലുകളാണ് അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും പാദരക്ഷാ ഫാഷനിലെ നവീന ട്രെൻഡുകൾ എത്തിക്കുകയാണ് മൈ വികെസി സ്റ്റോറിന്റെ ലക്ഷ്യമെന്ന് വി കെ സി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ വി കെ സി റസാഖ് പറഞ്ഞു.



# അത്യാധുനിക ക്യാൻസർ ചികിത്സാ സംവിധാനവുമായി കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ

**തിരുവനന്തപുരം:** ക്യാൻസർ റേഡിയേഷൻ ചികിത്സയ്ക്കുള്ള അത്യാധുനിക സംവിധാനമായ ട്രൂബീം എസ്.ടി.എക്സ് 3.0 ലീനിയർ ആക്സിലേറ്ററുമായി തിരുവനന്തപുരം കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ. ഗ്ലോബൽ പ്രൈവറ്റ് ഇക്വിറ്റി ഫേം ബ്ലാക്ക്സ്റ്റോൺ പിന്തുണയ്ക്കുന്ന ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റെ ഭാഗമായാണ് തിരുവനന്തപുരം കിംസ്ഹെൽത്ത് ക്യാൻസർ സെന്ററിന്റെ പ്രവർത്തനം. കിംസ്ഹെൽത്ത് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി, ബ്ലാക്ക്സ്റ്റോൺ സീനിയർ മാനേജിങ് ഡയറക്ടർ ഗണേഷ് മണി, കിംസ്ഹെൽത്ത് (ക്യാൻസർ സെന്റർ, സി.എസ്.ആർ ആൻഡ് ഇ.എസ്ജി) സി.ഇ.ഒ രശ്മി ആയിഷ എന്നിവരുടെ സാന്നിധ്യത്തിൽ കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ക്യാൻസർ റേഡിയേഷൻ ചികിത്സാ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഏറ്റവും നൂതനവും കൃത്യതയാർന്നതുമായ സംവിധാനമാണ് കിംസ്ഹെൽത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. 30 വർഷത്തിലധികമായി റേഡിയേഷൻ ഓങ്കോളജി മേഖലയിൽ അതുല്യ സംഭാവനകൾ നൽകി വരുന്ന സീനിയർ ഓങ്കോളജിസ്റ്റ് ഡോ. ജയപ്രകാശ് മാധവനെ ചടങ്ങിൽ ആദരിച്ചു. കിംസ്ഹെൽത്ത് കൺസൾട്ടന്റ്, റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഡോ. ജോൺ സെബാസ്റ്റിയൻ, ഡോ. ജയപ്രകാശ് മാധവന് ആദരമർപ്പിച്ച് സംസാരിച്ചു. കിംസ്ഹെൽത്ത് (ക്യാൻസർ സെന്റർ, സി.എസ്.ആർ ആൻഡ് ഇ.എസ്ജി) സി.ഇ.ഒ രശ്മി ആയിഷ സ്വാഗതം പറഞ്ഞു.



# റിയൽമി ജിടി 7 പ്രോ പുറത്തിറങ്ങി




**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെസ്നാപ്ഡ്രാഗൺ 8 എലൈറ്റ് ഫ്ളാഗ്ഷിപ്പ് ചിപ്സെറ്റുമായി റിയൽമി ജിടി 7 പ്രോ പുറത്തിറങ്ങി. ബോൺ ടു എക്സൈറ്റഡ് എന്ന മുദ്രാവാക്യവുമായാണ് റിയൽമിയുടെ ജിടി ജനറേഷനുകൾ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഫോട്ടോഗ്രഫി പ്രേമികൾക്ക് റിയൽമി ജിടി 7 പ്രൊ സോണി ഐഎംഎക്സ്882 പെരിസ്കോപ്പ് ക്യാമറയാണ് അവതരിപ്പിക്കുന്നത്. അതോടൊപ്പം എഐ അണ്ടർവാട്ടർ ഫോട്ടോഗ്രഫി മോഡും അവതരിപ്പിക്കുന്നു. സാംസങ് ഡിസ്പ്ലേയോടൊപ്പം റിയൽ വേൾഡ് ഇകോ ഡിസ്പ്ലേയും അവതരിപ്പിക്കുന്നു. മികച്ച ദൃശ്യാനുഭവങ്ങൾക്ക് ഡോൾബി വിഷൻ ഉൾപ്പെടെയുള്ള ഫീച്ചറുകളും കാഴ്ചയുടെ വിശദാംശങ്ങളും ജിടി 7 പ്രോ പ്രകടമാക്കുന്നു. എഐ സ്കെച്ച് ടു ഇമേജ് ഫീച്ചർ ഉപയോഗിച്ച് ലളിതമായ സ്കെച്ചുകളെ വിശദമായ ചിത്രങ്ങളാക്കി മാറ്റുന്ന നെക്സ്റ്റ് 7 പ്രോയും ജിടി 7 പ്രോ അവതരിപ്പിക്കുന്നു. കൂടാതെ എഐ മോഷൻ ഡെബ്ലർ സാങ്കേതികവിദ്യ ഉപയോഗിച്ച് ഫോട്ടോഗ്രഫി അനുഭവം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ചലിക്കുന്നതോ നിശ്ചലമോ ആയ ഷോട്ടുകളിലെ മങ്ങൽ കുറക്കുന്നതിന് ഇന്റലിജന്റ് അൽഗോരിതവും ഉപയോഗപ്പെടുത്തുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ഫ്ളാഷ് സ്നാപ് മോഡ്, എഐ സൂം അൾട്രാ ക്ലാരിറ്റി എന്നിവയുള്ള എഐ അൾട്രാ ക്ലിയർ സ്നാപ് ക്യാമറയാണ് ഉപയോഗിക്കുന്നത്. മികച്ച 5800എംഎഎച്ച് ബാറ്ററി, 120 വാട്സ് സൂപർവൂക് ചാർജിംഗ് കോമ്പിനേഷൻ ദീർഘകാല ബാറ്ററി ലൈഫ് എന്നിവയും വാഗ്ദാനം ചെയ്യുന്നു. മാർസ് ഓറഞ്ച്, ഗാലക്സി ഗ്രേ നിറങ്ങളിലും 12ജിബി+256 ജിബി, 16ജിബി+ 512 ജിബി സ്റ്റോറേജ് വേരിയന്റുകളുമാണ് ജിടി 7 പ്രോയ്ക്കുള്ളത്. 56999, 62999 എന്നിങ്ങനെയാണ് റിയൽമി ജിടി 7 പ്രോയുടെ വില.

# കേരള മാരിടൈം വിദ്യാഭാസ കോൺഫറൻസ് ഡിസംബർ 2ന്

**കൊച്ചി:** മാരിടൈം വിദ്യാഭ്യാസത്തിന്റെ മികവിന്റെ കേന്ദ്രമായി കേരളത്തെ വികസിപ്പിക്കാനുള്ള യത്നത്തിൻറെ ഭാഗമായി കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ഡിസംബർ 2ന് കൊച്ചിയിൽ വെച്ചു കേരള മാരിടൈം എഡ്യൂക്കേഷൻ കോൺഫറൻസ് സംഘടിപ്പിക്കുന്നു.

മാരിടൈമും അനുബന്ധ മേഖലകളിലും വിദ്യാഭ്യാസം, നൈപുണ്യവികസനം നൂതന ആശയരൂപീകരണം എന്നിവയുടെ ഭാവി രൂപപ്പെടുത്തുന്ന കോൺഫറൻസിൽ മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.ഡിസംബർ രണ്ടിന് നഗരത്തിൽ നടക്കുന്ന കേരള മാരിടൈം വിദ്യഭ്യാസ കോൺഫറൻസ് മാരിടൈം വിദ്യാഭ്യാസത്തിൻറെ ഭാവി, തുറമുഖം ഷിപ്പിംഗ് മറ്റു അനുബന്ധ മേഖലകളിലെ വിദ്യാഭാസ നൈപുണ്യ സാധ്യതകൾ എന്നിവയെ സംബന്ധിച്ച ചർച്ചകൾക്ക് വേദിയാകും. മാരിടൈം വ്യവസായത്തിൻറെ വളർച്ചയ്ക്ക് ഊന്നൽ നൽകുന്ന കോൺഫറൻസിൽ ഈ രംഗത്തെ പരിശീലനം, ഗവേഷണം എന്നിവയ്ക്കും നൂതന ആശയങ്ങൾക്കുമുള്ള പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ എന്നിവയുണ്ടാകും.ബോൾഗാട്ടി പാലസ് ആൻഡ് ഐലൻറ് റിസോർട്ടിൽ വെച്ചു നടക്കുന്ന തിങ്കളാഴ്ചയിലെ പരിപാടി തുറമുഖ സഹകരണ വകുപ്പ് മന്ത്രി ശ്രീ.വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്യും. മാരിടൈം മേഖലയിലെ പ്രമുഖരുമായി ബി ടു ബി സെഷനുകൾ, അക്കാദമിക് വിദഗ്ദ്ധർ, നയം രൂപകൽപ്പന ചെയ്യുന്നവർ എന്നിവർക്കുള്ള സെഷനുകൾ തുടങ്ങിയവ കോൺഫറൻസിൽ ഉണ്ടാകും.സുജിത് വിജയൻപിള്ള മുഖ്യതിഥിയാകും.കോൺഫറസിനെ കുറിച്ചു കൂടുതൽ വിവരങ്ങൾക്കും റജിസ്ട്രേഷനും 9544410029 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.



# ആദ്യം പറന്നെത്തി; 'ഇവ' താരമായി

**കൊച്ചി:** വിദേശത്തു നിന്ന് ഓമനമൃഗങ്ങളെ കൊണ്ട് വരാനുള്ള സർട്ടിഫിക്കേഷൻ ഒക്ടോബറിൽ ലഭിച്ചതിനു ശേഷം ആദ്യമായി ഒരു ഓമനമൃഗം കൊച്ചി വിമാനത്താവളത്തിലേക്ക് പറന്നിറങ്ങി. സങ്കരയിനത്തിൽപെട്ട ഒരു വയസുകാരി 'ഇവ' എന്ന വെളുത്ത പൂച്ചകുട്ടിയാണ് വ്യാഴാഴ്ച രാവിലെ 10:17 ന്, എയർ ഇന്ത്യയുടെ എ.ഐ 954 വിമാനത്തിൽ ദോഹയിൽ നിന്ന് കൊച്ചിയിലെത്തിയത്. തൃശൂർ ചേലക്കര സ്വദേശിയായ കെ.എ രാമചന്ദ്രന്റെ ഓമനയാണ് 'ഇവ'.

'മികച്ച സേവനമാണ് സിയാൽ നൽകിയത്. കസ്റ്റംസ്, ഇമിഗ്രേഷൻ നടപടിക്രമങ്ങൾ ആയാസരഹിതമായി, വളരെ പെട്ടെന്ന് തന്നെ പൂർത്തിയാക്കി പുറത്തിറങ്ങാൻ സാധിച്ചു. 'ഇവ'യെ കൊണ്ട് വരാനുള്ള പ്രക്രിയകൾ സുഗമമാക്കി തന്ന സിയാലിന് നന്ദിയെന്ന് തന്റെ ഓമനമൃഗത്തോടൊപ്പം കൊച്ചിയിലെത്തിയ രാമചന്ദ്രൻ പറഞ്ഞു.ഈ വർഷം ജൂലൈയിൽ 'പെറ്റ് എക്സ്പോർട്ട്' സൗകര്യം സിയാലിൽ നിലവിൽ വന്നു. നിരവധി യാത്രക്കാർ ഈ സൗകര്യം ഉപയോഗിക്കുന്നുണ്ട്. കേന്ദ്ര മൃഗസംരക്ഷണ വകുപ്പിൽ നിന്ന് 'അനിമൽ ക്വാറന്റൈൻ & സർട്ടിഫിക്കേഷൻ സർവീസ്' (എ.ക്യൂ.സി.എസ്) അനുമതി ലഭിച്ചതോടെ, 'പെറ്റ് എക്സ്പോർട്ട് ഇംപോർട്ട്' സൗകര്യങ്ങളുള്ള കേരളത്തിലെ ഏക വിമാനത്താവളമായി സിയാൽ മാറി. വിപുലമായ സൗകര്യങ്ങളുള്ള പെറ്റ് സ്റ്റേഷൻ, വെറ്ററിനറി ഡോക്ടറുടെ സേവനം, ക്വാറന്റൈൻ സെന്റർ എന്നീ സൗകര്യങ്ങൾ സിയാലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ശനിയാഴ്ച പുലർച്ചെ ബെൽജിയത്തിൽ നിന്ന് ഒരു നായ്ക്കുട്ടി കൂടി കൊച്ചി വിമാനത്താവളത്തിൽ എത്തുന്നുണ്ട്. വിദേശത്തു നിന്ന് വളർത്തുമൃഗങ്ങളെ കൊണ്ടുവരാനും കൊണ്ടു പോകാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകുന്നതിന് എയർലൈനുകളെയോ കാർഗോ ഹാൻഡ്ലിങ് ഏജൻസികളെയോ ആണ് യാത്രക്കാർ ആദ്യം ബന്ധപ്പെടേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് https://aqcsindia.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക

